ശ്രീധരന്റെ

# വേദാന്തസരണി

പ്രസാധകർ:-

സാധുഗോപാല സമാജം

കൃഷ്ണപുരം.

ശ്രീധരന്റെ

# വേദാന്തസരണി

Malayalam

വേദാന്തസ്‌രണി

Author
Sadhu Sreedharan Nair

Published by
Sadhu Gopala Samajam
Krishnapuram, Kayamkulam. P. O.

Printed by
Sivas Printers
West Nada, Kottayam.

No. of Copies 501
Copy Rieht reserved.

1161 കുംഭം 22
1986 മാർച്ച് 6



സാധു ശ്രീധരൻ നായർ

# ഓം

## ശ്രീ ഗുരവേ നമഃ

## അവതാരിക

വേദാന്തസരണിയിൽ പ്രവേശിച്ചാൽ ലക്കം ലഗാനമില്ലാത്ത ഘോരമാം കൊടുങ്കാററിൽ, തിരകൾമുറിച്ചു കൂസലില്ലാതെ കടന്നുപോകുന്ന താരകത്തിലെ ധീരനായകനെപ്പോലെ പ്രപഞ്ചം മറന്നു് മുന്നേറുന്ന ഗംഭീരങ്ങളായ പുലമ്പലുകളൊന്നു്.

ഒരു സാധു ഏകനായി ഏകാന്തതയിൽ ജ്യോതിസാം ജ്യോതിസ്സായി തന്നെ മാററുന്നതിനുള്ള സാധനകളിൽ അല്പം ചിലതും താൻ സ്വായത്തമാക്കിയ ആ മനോജ്ഞ സരണിയിലേക്കു് മംഗളം ഗംഭീരം വിതറി സ്വസഹോദരങ്ങളെ ആനയിക്കുവാൻവേണ്ടി ചെയ്തിട്ടുള്ള ശാസ്ത്രസമ്മദ്ധനങ്ങളും, അതിലെ ശാസ്ത്രവും, ശാസ്ത്രത്തിലെ അനുഭവ വീക്ഷണവും ഉൾപ്പെടുത്തി മഹത്തുക്കളുടെ അനുഭവ വീക്ഷണത്തെ കാട്ടി, മഹേശ്വരന്റെ വീക്ഷണം ശ്രീശങ്കരന്റെ വീക്ഷണം മുതലായവ കാട്ടി ബോധമണ്ഡലം സുപ്രഭമാക്കലാണു് മൂന്നാമദത്തത്തു്.

കത്തുകൾ പത്തുനാല്പതെങ്കിലുമുണ്ടെന്നാണറിവു്. അപ്രസക്തങ്ങളായ അല്പം ചിലതേ കിട്ടിയുള്ളു. ശ്രീധരൻ ശബ്ദവുമായി നടക്കുന്നതു്, നടരാജനൃത്തം, പ്രളയസാക്ഷാത്കാരം, ചണ്ഡമാരുത സാക്ഷാത്കാരം, അഗ്നിമഴപെയ്യുന്നതു്, ഇവ നിരന്തരം സംഭവിക്കുന്നതു്,

വിമാനമിരമ്പുന്നതുപ്പോലെ സ്വരം—പ്രാണൻ വലം ചുററിസഞ്ചരിയ്ക്കുന്നതു് ഇതതിശക്തിയായി നിരന്തരം സംഭവിയ്ക്കുന്നതു്, പ്രകാശദർശനങ്ങൾ, എല്ലാ അവയവങ്ങളും കത്തിയ ട്യൂബ്ലൈററുമാതിരി പ്രകാശമാനമാകുന്നതു്, നാടുമുഴവൻ പ്രകാശമാനമാകുന്നതു്, നാടുമുഴവൻ പ്രകാശമാനമാകുന്നതു് മണ്ഡലപ്രകാശം, കാണുന്നതെല്ലാം ഉജ്ജ്വലപ്രകാശമാകുന്നതു് നക്ഷത്ര ജാലങ്ങളോടെ പ്രപഞ്ചം മുഴവൻ കാണുന്നതു്, ഇവയെല്ലാം കൂടെ കൂടെ കാണുന്നതു്, തന്റെ ജഡം താൻ കാണുന്നതു്, താനില്ലെന്നുകാണുന്നതു് ഈ രീതിയിൽഒട്ടനവധികാര്യങ്ങൾ മററു കുത്തുകളിലുണ്ടായിരുന്നു., ഇതിനുപുറമേ മായാദേവീ ദർശനം, ഉമാദേവീ ദർശനം (വിദ്യാദേവീ ദർശനം), ഇന്ദ്രദർശനം, ഹനുമദ് ദർശനം ഇങ്ങനെയുള്ള അനവധി ദേവദർശനങ്ങളും അവയോടൊത്തുള്ളമാററങ്ങളും മററും മററു കുത്തുകളിലുണ്ടായിരുന്നു.

കുറിപ്പെടുന്നതു് അനുഭവപൂർണ്ണമായ ചില ചിന്താശകലങ്ങൾ മാത്രം

ഇതിലെ മൂന്നാം ഭാഗം ഉപനിഷത്തുകൾ താനറിഞ്ഞവിധം, അറിയേണ്ടവിധം, അനുഭവവിധം മുതലായവ വിവരിയ്ക്കലാണു്.

എന്നു്

സാധുഗോപാലസമാജം

കൃഷ്ണപുരം.

# ഓം

### ശ്രീ ഗുരവേ നമ:

## ശ്രീധരൻെറ പ്രാന്തൻ പുലമ്പൽ

ഇന്ത—ലോകത്തിലേ
വന്ന പേട്ടോടാ.

കൂരിരുട്ടും പേറുമിടം
അന്ധകാരം വാഴുമിടം
അജ്ഞാനം വിളയുമിടം
മായാദേവി കളിയ്ക്കുമിടം.

ഇന്ത- ലോകത്തിലേ
വന്തു പെട്ടോടാ.

വന്നവഴി കാണ്മതില്ലേ
പോകുംവഴി തിരിയുവില്ലേ
പ്രവർത്തി മാർഗ്ഗം ചൊല്ലുമിടം
വേണ്ടാമേ വേണ്ടാ വേണ്ടാ.

അടിമകളെ വാഴ്ത്തുമിടം
അടിമയാക്കിമാററുമിടം
കാല, കാലൻ ഭരിയ്ക്കുമിടം
വേണ്ടായേ വേണ്ട വേണ്ടാ.

ആനന്ദം ചത്തായിടം
ബോധമത്തു കെട്ടയിടം

ബ്രഹ്മഹത്യ ചെയ്യുമിടം
അയ്യയ്യോ വേണ്ട വേണ്ടാ.

കാലമെന്ന കാലൻ വന്നേ
എണ്ണമെന്നൊരളവു വന്നേ
അല്പത്വം ഭരണ മേറ്റേ
ആത്മാവേ മൂടി മറച്ചേ
ദേശമെന്ന ദ്രോഹി വന്നേ
വല്ലാത്തടിക്കും വന്ന
ആത്മാ വിരുട്ടിലായേ.

എങ്ങും തിളങ്ങുന്നൊ-
രാത്മ പ്രഭാകരാ
ങ്ങളലത്തേല്ലുവാൻ
എന്തേ ബന്ധം.

ജ്ഞാനം ഉണർന്നങ്ങ്
ആത്മാവേ കാണുകിൽ
കാണുമേ ജ്യോതിസ്സാം
ആത്മപ്രഭാകരം.

ആത്മ ജ്യോതിസ്സതിൽ
താനായി നിന്നങ്ങു
മുങ്ങി തെളിയുകിൽ;
ബോധ രസമതങ്ങാസ്വാദിയ്ക്കാം.
എത്രമേൽ വേണേലുമാസ്വാദിയ്ക്കാം.

തള്ളിതരുവാനും
എണ്ണി തരുവാനും
ആനന്ദ ദുഃഖങ്ങളും
ഭാഗം വെച്ചീടാനും,

ഈശ്വരൻ വന്നാലും
താണു കൊടുക്കേണ്ട

ആത്മവാനാത്മാവു
മാത്രം മതിയെടോ.
ആത്മവാനല്ലാതെ
ആനന്ദമാക്കേടോ.

കുപ്പയിലിട്ടാലും
മെത്തമേലിട്ടാലും
വാട്ടമവനൊട്ടും
തീണ്ടുകയില്ലെടോ.

ആനന്ദമായതേ
ബോധ ഫലമതിൻ
രസമതാവുളള;
പൂർണ്ണമതിൽ നിന്നും
പൂർണ്ണമേ ഉണ്ടാവൂ
ബ്രഹ്മത്തിൽ നിന്നുമേ
ആത്മാവേ ഉണ്ടാവൂ.
ആനന്ദവാനായി
നില്ക്ക നീയെന്നുമേ.

★

## ഓം ശ്രീ ഗുരവേ നമഃ

അതിശയ മതിശയം കാൺക നീ
ആനന്ദ ബോധാർണ്ണവം
പദമതു ശുദ്ധിയാക്കും
നിർമ്മലമതങ്ങാക്കും
തിങ്ങിന മോദത്തോടും
തീർത്ഥമങ്ങാടീടുക.

നിലയതിലെങ്ങുമില്ലേ
രക്ഷിയ്ക്കാനാരുമില്ലേ
മോദിയ്ക്കലല്ലാതൊരു
മാർഗ്ഗവുമതിലില്ലേ.

ഏകമാം തീർത്ഥസ്ഥാനം
ബോധമാം തീർത്ഥസ്ഥാനം
നോക്കുകിലന്തമില്ലേ
മുങ്ങിയാൽ ചാകുകില്ലേ;
പിച്ചയതു തുള്ളും കുഞ്ഞും
ചാടിയാൽ ചാകുകില്ലേ.

എന്തൊരുമഹാർണ്ണവം
അതിശയ മഹാർണ്ണവം
ശുദ്ധമാം പദം വച്ച്
ധീരമായ് പദം വച്ച്
ത്യാഗമങ്ങില്ലാതാക്കി
ത്യജിയ്ക്കാനില്ലാതാക്കി
ബോധമാം പ്രഭയോർന്ന്
ഏകമാം പ്രഭയാർന്ന്
ആനന്ദ പുളകത്തോടേ
ചാടുക മഹാർണ്ണവേ.

അത്ഭുത മത്ഭുത മത്ഭുതമേ. ഉണ്ണീ,
ആനന്ദബോധാർണ്ണവ മത്ഭുതമേ;
അത്ഭുത മത്ഭുത മത്ഭുതമേ ഉണ്ണീ;
നിത്യ നിരാമയ ദിവ്യ നിലയമുണ്ണീ,

ആത്മസ്വരൂപം ഉണ്ണീ;
നിത്യ സ്വരൂപം ഉണ്ണീ;
ആനന്ദ പുളകിത ദിവ്യ സ്വരൂപമുണ്ണീ.

അനുഭവ പുഴയതു
കരകവിഞ്ഞൊഴുകുമുണ്ണീ,
കണ്ണുകളും നിറയുമുണ്ണീ
കരകവിഞ്ഞൊഴുകുമുണ്ണീ;
ആത്മാവു ദ്രവമാകും
അനുഭവാനന്ദമാകും
നിത്യവുമൊഴുകുമുണ്ണീ,

ആനന്ദേ ആറാടുവാൻ
എത്തു നീ ബോധാർണ്ണവേ
ആനന്ദ ബോധാർണ്ണവേ
ശാശ്വത ബോധാർണ്ണവേ

---

# ഓം

## ശ്രീ ഗുരവേ നമഃ

ആരുമില്ലാരു മില്ലാരു മില്ലാ,
ബ്രഹ്മമതിലൊരു ഭൂതരില്ലാ;
അത്ഭുത ചിന്മാത്ര മായതിനെ
എങ്ങിനെ സാധു ഞാൻ വാഴ്ത്തിടേണ്ടു.

ആരുമില്ലാരു മില്ലാരുമില്ലാ,
കഥയതു പാടാനമാരുമില്ലാ;
കഥയതു ചമച്ചതായാരുമില്ലാ
കഥയതു പറകയോ കഥയുമില്ലാ;

ഒന്നുമില്ലൊന്നു മില്ലൊന്നുമില്ലാ,
ആനന്ദമല്ലാതെ യൊന്നുമില്ലാ;
അന്യമില്ല ന്യമില്ല ന്യമില്ലാ
ബോധ സ്വരൂപത്തിലന്യമില്ലാ,

അത്ഭുത മത്ഭുത മത്ഭുതമേ,
ശ്രീധര ആത്മാവൊരത്ഭുതമേ;
ബ്രഹ്മത്തിൽ നിന്നെല്ലാ മുണ്ടായെടോ
ബ്രഹ്മത്തിൽ നിന്നൊന്നു മുണ്ടാകില്ലാ,
ബ്രഹ്മത്തിൽ നിന്നെല്ലാ മുണ്ടായെടോ
ബ്രഹ്മത്തിൽ നിന്നൊന്നു മുണ്ടാകില്ല.

ആദിയ്ക്കു മാദിയിൽ ബ്രഹ്മമുണ്ടേ,
ആയതോടൊത്തൊരു ശക്തിയുണ്ടേ;
അഗ്നിയോടൊത്തൊരു ചൂടുകാൺക;
ചൂടതു തന്നത്താൻ നില്ക്കയില്ലാ.

ശക്തിയില്ലാത്തൊരു ബ്രഹ്മമില്ലാ
ബ്രഹ്മമില്ലാതൊരു ശക്തിയില്ലാ;
അഗ്നിയതിങ്കലെ പ്രഭയെന്നാലോ
എത്രയോ ദൂരത്തിൽ ഗമിച്ചെന്നാലും;
മുറുകെ പിടിയ്ക്കുമേ അഗ്നിയിങ്കൽ,
അഗ്നിയിൽ പിടിവിട്ടു പോയിയെന്നാൽ
പ്രഭയതു ശൂന്യ സമാനമാമേ.

ആയപോൽ ശക്തി വിടുകയില്ലാ
ബ്രഹ്മത്തിൽ പിടിയതു വിടുകയില്ലാ
ബ്രഹ്മമതാകയാൽ പിടിയും വേണ്ടാ
അതുപോലെ ബ്രഹ്മത്തിലാത്മാകാൺക.

ബ്രഹ്മമതല്ലാത്തോരാത്മാവില്ലാ
ബ്രഹ്മത്തിൽ പിടിയവൻ വിടുകയില്ലാ
ബ്രഹ്മമതാകയാൽ പിടിയും വേണ്ടാ
ആദിമദ്ധ്യാന്തമാദിയിൽ ആത്മാവുണ്ടേ
ആകയാൽ ശ്രുതിയതു ചൊല്ലിടുന്നു;

''ബ്രഹ്മൈവാഹമസ്മി''
അഹം ബ്രഹ്മാസ്മി.

---

# ഓം

## ശ്രീ ഗുരവേ നമഃ

ശ്രീഗണേശായ നമഃ—ശ്രീസരസ്വത്യൈ നമഃ

പണ്ടു പണ്ടു ഭാരതം
ബലി ഭരിച്ച ഭാരതം
ലോകമെല്ലാമവൻറതായ്.
നന്മയങ്ങു നിറഞ്ഞുപോൽ.

അന്നങ്ങൊരു കൊച്ചു തെണ്ടിക്കുഞ്ഞ്
മൂവടി സ്ഥലമതു യാചിച്ചുപോൽ
ലോകാധിപതിയുടെ ലോകമെല്ലാം
രണ്ടടിയുള്ളിലമർന്നു പോയി.

പിന്നെത്തൻ ശിരസ്സതു കാട്ടിയിട്ട്
ഉന്നതൻ സാധിച്ചു സത്യവ്രതം
ലോകാധിപതികാം പഠിയ്ക്കയില്ലാ
മനുഷ്യനിൽ മൂല്യം വിളങ്ങുന്നെന്ന്.

കാർത്തവീര്യാർജ്ജുനൻ ധീര ധീരൻ
ദത്താത്രേയന്റെ അരുമകുഞ്ഞ്;
കാട്ടിൽ തപം ചെയ്ത പട്ടക്കുഞ്ഞ്
ഉജ്ജ്വല ദേഹം പൊളിച്ചു വിട്ടു.

കുട്ടി അഹംകരിച്ചുഗ്രനായി
ക്ഷത്രിയ വംശം മുടിച്ച പോലും,
ഗംഭീര തേജസ്വിതട്ടത്തു നിർത്തി
ദശരഥ പുത്രനോടടുത്തു നോക്കി;
കത്തില്ല കത്തില്ല രാമബിംബം
തേജസ്സ തേജസ്സറവിടം പോൽ,

ഭാരതഭൂവിൽ പണ്ടേ പണ്ടേ
തെണ്ടിനടക്കും ജനങ്ങളുണ്ടേ
ബ്രഹ്മന്റെ ആദംക്കാരവർ
ബ്രഹ്മനേ കുഴച്ച പിള്ളേർ.

തെററല്ലം കാട്ടിയനേരം
വീട്ടിൽനിന്നിറക്കിയ കുഞ്ഞ്
പുറവാതില്ക്കപ്പുറത്തായ്
തണൽനോക്കിയിരുന്ന കുഞ്ഞ്;

കരയുന്നോ ഇല്ല ഇല്ല
കളിയ്ക്കുന്നോ ആയതുമില്ലാ
ആരോരും തുണയതില്ലാ—
ഭാവമങ്ങറിഞ്ഞ കുഞ്ഞ്

മനനമത്തു ചെയ്യുംപോലെ
ബ്രഹ്മമാം ഭാവേ നിന്നും
താഴേയ്ക്കിറങ്ങിയോരാ
ഭാരതീ പുത്രരവർ;
മനനമാം ദീപമേന്തി
തെണ്ടിയലഞ്ഞിടുന്നു.

ഭാഗ്യവാൻ നിന്ദിച്ചാലും
ദുഷ്ടന്മാർ ഹിംസിച്ചാലും
പഴതുണ്ടേൽ നോക്കീടമേ
ബ്രഹ്മമായ് നിലനിന്നീടാൻ.

സർവ്വധാതാവു ബ്രഹ്മം
സ്വന്ത ആത്മാവു ബ്രഹ്മം
ബ്രഹ്മമല്ലാത്തതൊന്നും
നോക്കാത്ത മഹാധീരർ
കാണാത്ത മഹാധീരർ.

പാടു പാടു മനമേ
ആരെല്ലാം നിന്ദിച്ചാലും
ഭാരതം ബ്രഹ്മമുഖം
സാധുക്കൾ ബ്രഹ്മം തന്നെ
സാധുക്കൾ ബ്രഹ്മം തന്നെ.

പാടു പാടു മനമേ
തെണ്ടി തിരിയുമ്പോഴും
വെയിലിൽ പൊരിയുമ്പോഴും
ബ്രഹ്മമായ് നിലകൊണ്ടു്
വാഴ്ത്തു വാഴ്ത്തു മനമേ.

വരുക വരുക സോദരാ
അന്യർ അന്യർ നിന്ദിക്കും
ബ്രഹ്മ മാകുമായതിൽ
ആത്മാ വാകുമായതിൽ.

ഫലമൊന്നു മില്ലായിടം
തൊഴിലൊന്നും കാണായിടം
തന്നെമാത്രമനുഭവിച്ചു്
വാഴ്ത്തി വാഴ്ത്തിയിരിക്കുമിടം
ബോധാനന്ദം വിലസുമിടം
ആനന്ദമായി തീരുമിടം

ത്വംതത്തായ് നില്ക്കുമിടം
വരുക വരുക സോദരാ.

ദിവ്യമാകും സ്വഭാവേ
സ്വപ്രകാശേ—സ്വസ്വരൂപേ
സ്വആത്മേ—സ്വസ്വരാജ്യേ.

ജയിസ്കു ജയിസ്കുഭാരതാ
സാധു സാധുഭാരതാ.

# ഓം

## ശ്രീ ഗുരവേ നമഃ

നോക്കു നോക്കു നഭസ്സിലേയ്ക്കു്
എന്തൊരു മഹാത്ഭുതം
നക്ഷത്രജാലമതെണ്ണിയാലൊടുങ്ങുമോ

ദൂരമതളന്നെന്നാൽ
എങ്ങനെ തീരുമെടോ
സെക്കൻ്റിലനേകായിരം
മൈലതുകടക്കുന്ന
രശ്മി അളവുകോലാക്കി
എന്നിട്ടും ഫലമതില്ലേ.

സെക്കന്റുമാററി ദിവസവും
ഒററക്കതിസ്കുതുവർഷവും—
ആക്കിഎന്നിട്ടും പററുന്നില്ല
കോടികോടി വർഷരശ്മി
എടുത്താലും അന്തമങ്ങതിനില്ലേ
പ്രപഞ്ചമേ നിന്നെ ആർപുഛരിച്ചീടും
പൂർണ്ണനാം വിരാട്ടിനെ
അളക്കാൻകഴിയുമോ.

സ്ഥൂലമാം വിരാട്ടിനെ
ആകവേഎടുത്തങ്ങ്
വിരാട്ടെന്നവാക്കതി—
ലൊതുക്കിയെന്നാകിലും
പിന്നെയും കിടക്കുമേ.

ആദിശേഷൻെറ ഉടൽ
ഒതുക്കാൻകിണഞ്ഞീടും
ഗരുഡൻതന്നെപ്പോലെ
മഞ്ഞളിച്ചുമടങ്ങുമേ.

ബ്രഹ്മത്തെഓമതാ—
മക്ഷരേഒതുക്കുംപോലെ
ഒതുക്കിനിർത്തിയാലും
പിന്നെയും കിടക്കുമേ
സൂക്ഷ്മമങ്ങതി വിശാലം
സൂക്ഷ്മത, സ്ഥൂലവിരാട്ടതും
മൂടിത്താൻ നില്ക്കുന്നെടോ
കാരണവിരാട്ടെന്നാൽ
ബുദ്ധിയും കുഴയുമേ.

അങ്ങനെ കിടന്നങ്ങ്
വലയും കാലത്തിങ്കൽ
കാലകാലനോ ഹരിയതോ
ബ്രഹ്മനോകണ്ടെടുത്തു
ഉത്തുംഗവിപുലത്തിനേ
ആത്മാവാം അണുവിനേ
അണുമിന്നുമണുവതേ
സൂക്ഷ്മത്തിൽ സൂക്ഷ്മമതേ
ഓങ്കാര ബ്രഹ്മത്തിനേ.

കാരണജലമതിൻ
താണങ്ങുകിടന്നതാം
ഉത്തുംഗബോധത്തിനേ

വീണ്ടെടുക്കകകൊണ്ടു്
ഏകമായ്കൈവിള—
ക്കത്തുമേന്തി വലിയമ്മ
നടക്കംപോലെ വീര—
ന്മാക്കെല്ലാമിപ്പോഴും
ഘോരമായന്ധകാരേ
തെല്ലിടപോകാമെടോ
യഥേഷ്ടം പോകാമെടോ
ആകയാൽ ഗുരുക്കന്മാർ
നമുക്കുവന്ദ്യരെടോ

ദേശമതങ്ങുപോട്ടെ
കാലത്തെതപ്പിനോക്കാം
ആയതിനെത്തുണ്ടോടോ
എണ്ണിപോൽപണ്ടുള്ളവർ
ഭാരതീദേവി തൻപുത്രൻ
ഇരുന്നൂറുകോടിവർഷം
അക്കാലേ പിറന്നപ്പോൾ
ഭൂവതുപൊൻതാമര
ആയതിൻ പുറകുണ്ടേ
ആയിരംകോടിപറഞ്ഞാലും
അതിനപ്പുറമുണ്ടേ
ഈയിനംകാലത്തിങ്കൽ
മൂവായിരമെന്തേ, രണ്ടായിരമെന്തേ.

എന്തിനുകലിതുള്ളുന്നു
മുന്നോട്ടമന്തമില്ല
പിന്നോട്ടമന്തമില്ല
അയ്യായിരത്തിഎൺ—
പത്തേഴവർഷമതു്
കലിയും കഴിച്ചുകൂട്ടി,
ഇപ്പൊഴോ വർത്തമാനം
ഭൂതം, വേതു്, ഭവിഷ്യത്തു്
ഇവയെ എടുത്തെന്നാൽ

ഭൂതമങ്ങേകമാം ബ്രഹ്മ—
മത്രേ ഭവത് അത്തുകാണുക
ദൃശ്യമാം ദേശകാലം
ഭവിഷ്യത്താമനോജ്ഞം,
മനോഹരം, ബ്രഹ്മസാ—
യൂജ്യമോഹനദേശം
അല്ലാതെ കാലമെങ്ങ്
ദേശമെങ്ങെവിടെ കുഞ്ഞേ.

ഉണരുകണരുക വർത്തമാന—
ത്തിൽനിന്നും മംഗളം
വാഴുംഭൂതം ഭവിഷ്യത്തിലേക്ക്
ഭവിഷ്യത്തറിയെടോ
സായൂജ്യനിലയത്രേ
ബോധത്തിലുണരലാണ്.

ഇങ്ങനാ ആത്മദേവൻ
ബോധസാഗരമദ്ധ്യ
കിടപ്പൂ കാലാകാലൻ
കിടപ്പൂവ്യാപനശീലൻ

മായതൻ ദർശനമേ
കാലത്തിൻ കാഴ്ചയെടോ
ദേശത്തിൻ വ്യാപ്തിയതേ
അത്ഭുതപ്രതിഭാസമേ.
താനായാസ്വദിയ്ക്കൂ!
തന്നത്താനാസ്വദിയ്ക്കൂ!
പേടിയ്ക്കാൻ മറ്റൊന്നില്ല!

# ഓം

## ശ്രീ ഗുരവേ നമഃ

മുരളീധര ശ്രീ, മധുരമനോഹര,
ത്യാഗമനോഹര, സീതാമോഹന
മനോജ്ഞ മഞ്ജുളശ്രീരാമാ
ഭാരതമംഗള മംഗളസൂനോ
സന്മാർഗ്ഗശോഭിത മോഹനരാമാ
ഭാരതപുണ്യവിധായകദേവാ
അനന്തകല്ല്യാണമംഗളരാമാ

സീതേമംഗള നിത്യകല്ല്യാണീ
ഭാരതജനതക്കഭിമാനവർഷിണീ
തപോഭൂഷണേ—സന്മാർഗ്ഗഭൂഷണേ
ഭാരതസ്ത്രീകൾക്കഭിമാനവർഷിണി
ദേവീസീതേ ദിവ്യപ്രകാശിനീ
ഉമയുംനീയേ—പരാശക്തിയുംനീയേ
തൻകണ്ണുനീരാൽ ഭാരതകണ്ണുനീർ
ആനന്ദബാഷ്പമായ് മാററിയജനനീ
ജനനീജാനകീ ഭാരതജ്യോതി
എങ്ങനെ അമ്മേ വാഴ്ത്തിസ്തുതിക്കും
ജനനീജാനകീ ഭാരതജ്യോതീ.

സുമിത്രാവത്സല രാമഭ്രാതാ
ത്യാഗസംപൂർണ്ണാലക്ഷ്മണകുമാരാ
ധീരധീരാ അസാദ്ധ്യസാധകാ
ശ്രീരാമപൂജിത ഊർമ്മിളാ, വല്ലഭാ
ക്ഷീണസോദര ധീരപ്രദായകാ
സത്ത്യാഗീ ധീരോദാത്താ
ഭാരതകേസരീ മംഗളമംഗളാ
ആരുവാഴ്ത്തും എങ്ങനെ വാഴ്ത്തും
നമസ്തേ നമസ്തേ നമസ്തേ നമസ്തേ.

ഓം

# ഓം

## ശ്രീ ഗുരവേ നമഃ

ധ്യാനത്തിൽ ഒരു രൂപമാണ് കല്പിക്കുന്നത്. നാമരൂപാദികൾ മായാജന്യമാണ്. ആയതിനാൽ അവയെ മാറ്റേണ്ടതായിവരും. അത് ബോധംകൊണ്ട് സാദ്ധ്യമാകും.

എപ്പോഴും, ഞാൻ ആത്മാവാണ്, ഞാൻ ആത്മാവല്ലാത്തതായി ഒരു നിമിഷവും എന്നെ അറിയുന്നില്ല, എന്നല്ല ഒന്നും ആത്മാവല്ലാത്തതായി അറിയാതിരിക്കെ ഞാൻ ആത്മാവായില്ല എന്നു വിചാരിച്ചല്പനാകുന്നതെന്തിന്.

ഞാനാത്മാ, ഇപ്പോഴും ആത്മാ എപ്പോഴും ആത്മാവല്ലാതന്യമല്ലാ, ഇതുതന്നെ സത്യം. ഞാനാത്മാവാണെന്നുള്ളത് സത്യമായിരിക്കെ ആത്മാവിനുള്ള വിശേഷതകൾ വല്ലതുമുണ്ടെങ്കിൽ അതതിനുണ്ട്. അതിൽ തർക്കമെന്തിനാണ്.

ഞാനാത്മാവാണ്, ആത്മാസർവ്വജ്ഞനാണ്. അല്ലെന്നു തോന്നുന്നതജ്ഞാനമാണ്. അതേ നാം മാറ്റേണ്ടതുള്ളു. നീ ആത്മാവാണെന്നു ശരിക്കു വിശ്വസിക്കു. ആ ബോധം തന്നെ നിന്നെ സർവ്വജ്ഞനാക്കും.

അതുപോലെ ഞാൻ സർവ്വജ്ഞനുമാണ് സർവ്വേശ്വരനുമാണ്, എന്തുകൊണ്ടെന്നാൽ ആത്മാവാണെന്നു തീർച്ചചെയ്തതിനുശേഷം നീ എങ്ങനെയാണ് അനാത്മഗുണ

ങ്ങളോടുകൂടിയവനാകുന്നതു്, അപ്പോഴാ നീ ആത്മാവി ൽനിന്നന്യമെന്ന തോന്നി ശരീരത്തിലേയ്ക്കുമാറി അതാ യതു് മനസ്സിലേയ്ക്കുമാറി തനിക്ക സർവ്വശക്തിത്വവും സർ വജ്ഞത്വാദികളുമില്ലെന്നു കല്പിച്ചു് വിപരീതഭാവന യാൽ അല്പനായി പരാതിപ്പെടുകയാണു്. ആ ശരീരമാ ണു് ഇല്ലാത്തതു്. അല്ലാതെ സർവ്വജ്ഞത്വമോ സർവ്വേശ്വര ത്വമോ അല്ലാ. ഞാനാത്മാവാകകൊണ്ടു് എനിക്ക സത്യ സ്വരൂപമുണ്ടു്. ഞാനാത്മാവാകകൊണ്ടു് എനിക്കസർവ്വ ജ്ഞത്വമുണ്ടു്. ഞാനാത്മാവാകകൊണ്ടു് എനിക്ക സർ വശക്തിത്വംവുമുണ്ടു്. അന്തഃക്കരണത്തെ നിർമ്മലമാക്കി യാൽ ഉപാധിരഹിതമായ നിർമ്മലമായ ആത്മാ സച്ചി ദാനന്ദമായി നിഴലിക്കും. അന്തഃക്കരണത്തിലെ മലമനു സരിച്ചു് ജഗത്തും നിഴലിക്കും. സൂര്യൻ അതിൻെറ കിര ണംകൊണ്ടു് എല്ലായിടവും നിറഞ്ഞിരിക്കും പോലെ ഞാൻ എൻെറ ജ്ഞാനംകൊണ്ടു് സർവ്വത്രനിറവുററിരിക്ക ന്നു. എപ്പോഴാ എനിക്കു് അന്യസ്ഥൂലസൂക്ഷ്മ ദർശന ങ്ങളുണ്ടോ അപ്പോഴാ അവിടെ എൻെറ ജ്ഞാനം പ്രവേ ശിച്ചില്ല. ആവരണത്താൽമറയ്ക്കപ്പെട്ടിരിക്കുന്നു. ആ ആവ രണം തന്നെയാണു് സ്ഥൂലസൂക്ഷ്മദർശനഭാവേന തി ളങ്ങുന്നതു്. അവിടെ ജ്ഞാനം പകർന്നാൽ അതു് ആത്മാവാകും. ഇങ്ങനെ സമസ്തം ഞാനാകും അഥവാ ഞാനാ കുന്നു. ഈ ലോകത്തിലെ മനുഷ്യൻ എന്നല്ല ജീവികള ഖിലവും സൂര്യനിലാണു് സ്ഥിതിചെയ്യുന്നതു്. അതു പോലെ ആത്മജ്ഞാനകിരണങ്ങളാ പ്രപഞ്ചം മുഴവൻ നിറഞ്ഞുമററന്യമില്ലാതെ വിളങ്ങുന്നു. എങ്ങിനെയെ ന്നാൽ സൂര്യൻ പറയുന്നു ''സകലതിലും ഞാൻ പ്രവേശി ച്ചിരിക്കുന്നു.'' ഭൂമി പ്രതിവദിച്ചു. ''അല്ല ഈ കാണുന്ന അന്ധകാരസമാനമായ മേഘത്തിൽ നീ പ്രവേശിച്ചില്ല. നോക്കു അതിൻെറ ഇരുട്ടു്.'' അല്ല അങ്ങനെ പറയരുതു്. ഞാൻ സമുദ്രാദി ജലാശയങ്ങളിൽ പ്രവേശിച്ചു് എൻെറ അംശം കൂടുതലായി നിറഞ്ഞപ്പോഴാ ആണു് മേഘമായി ജലംഉയരുന്നതു്. അതു് ജലവും ഞാനും ചേൎന്നതാണു്. അതിലും ഞാൻ പരിപൂരിതമായി നിലകൊള്ളുന്നു. ഇങ്ങ നെ ഏതു വസ്തുവും സൂര്യപൂരിതമായി കാണാം. അതു

പോലെ പ്രപഞ്ചത്തിലെ സർവ്വപദാർത്ഥങ്ങളേയും വിശകലനം ചെയ്തുനോക്കിയാൽ സർവ്വം ആത്മാവു മാത്രമെന്നു ബോധ്യപ്പെടും

''സംവിത്യാഘടപടാദ്യങ്ങളായ്
ഭവിച്ചോരു ജീവനെതന്നെ
പദാർത്ഥമെന്നോതീടുന്നു''

ആത്മാ നിത്യവും ഏകവുമാണ്. അതിന്റെ ശക്തിവിശേഷമാണുമായ. മായയുടെ കാഠിന്യംകൊണ്ട് ആത്മാവിനു ക്ലേശമുണ്ടെന്നു കരുതരുത്. എനിക്കു ഉറച്ചബോധമുണ്ടെന്നു വച്ച് ഞാൻ ക്ലേശിക്കയില്ലല്ലോ. ആത്മാവിന് അതിന്റെ ഒരു ശക്തിയുടെ കഠിന പ്രവാഹം കൊണ്ട് ആത്മാക്ലേശിക്കയില്ല. നഖരോമങ്ങൾ നമ്മുടേതാണ്. അതവിടെ നിന്നാലും മുറിച്ചുകളഞ്ഞാലും നാം ക്ലേശിക്കുന്നില്ല. അതുപോലെ മായ ആത്മാവിനെ ക്ലേശിപ്പിക്കുകയില്ല എന്നു കാണണം. പദാർത്ഥരൂപസങ്കല്പത്തോടുകൂടിയ മനുഷ്യൻ ആത്മാവിനെ ആത്മാവെന്നു പറയും.

........................................................................

ഘടനാശത്താൽ ആകാശനാശമുണ്ടാകുന്നില്ലാ. ദേഹനാശത്താൽ ആത്മാവെങ്ങും പോകയും വരികയും ചെയ്യുന്നില്ല. ദേഹം നശിച്ച ദേഹി മറ്റൊരു ദേഹം എവിടെയോ എടുത്തെന്നുവരാം, അതുകൊണ്ട് ആത്മാവെങ്ങും ഓടേണ്ടാ.

ഇതെഴുതുന്ന ഈ വർഷം ധനു അഞ്ചിൽ പെരുമ്പറനാദവും ധനു ഏഴിൽ മേഘനാദശ്രവണവും ശുദ്ധമായി കിട്ടിയെന്നു വിവരിക്കുന്നു. ഇതു് സ്വാമിയുമായി ഉള്ള സമ്പർക്കത്തിലെ ആദ്യവർഷം തന്നെയെന്നൂഹിക്കുന്നു,

ലോകത്തിൽ കാണുന്നതൊക്കെ മായാഫലങ്ങളാകയാൽ അവയെല്ലാം മിഥ്യയാണ്. കണ്ടതെല്ലാം മിഥ്യ

യെങ്കിൽ സത്യമെന്നൊന്നന്വേഷണ വിഷയമാകുന്നു. ആ അന്വേഷണേ ആത്മാ ബോധ്യപ്പെടുകയും ധീരന് ഉണരുകയും ചെയ്യും. അന്യോന്യാശ്രയത്തിലിരിക്കുന്ന യോഗജ്ഞാനങ്ങളെ പററി പഠിക്കേണ്ടതു് മുമുക്ഷുക്കൾക്കേവർക്കും അനുപേക്ഷണീയമാണ്.

ഹംയോഗം, ലയയോഗം, ഹംസയോഗം, രാജയോഗം ഇങ്ങനെ നാനാനാമങ്ങളായി അല്പാല്പ വ്യത്യാസമുള്ളവകളെ പലയോഗ ഗ്രന്ഥങ്ങളും വിവരിയ്ക്കുന്നുണ്ട്. ഇവയിലേക്കു നമുക്കല്പം കടക്കാം.

മന്ത്രയോഗം–പ്രണവം തന്നെയാകട്ടെ മന്ത്രം. ഇതിന്റെ വിപുലവും ആഴവുമേറിയ വ്യാഖ്യാനങ്ങളിലേയ്ക്കൊന്നു നോക്കാം. ആദിയിൽ വേദമൊന്നേ ഉണ്ടായിരുന്നുള്ളു. അതു് പ്രണവമായിരുന്നു. ഇതു് ശാസ്ത്രസമ്മതമാണ്. ഇതിനു യുക്തിസമ്മതമുണ്ടോയെന്നുനോക്കാം. എല്ലാശബ്ദവും ആകാശത്തിന്റെ ഗുണമാണ്. എല്ലാശബ്ദവും ഓങ്കാരത്തിന്റെ വിഘടിതഭാവമാണ് ആകാശത്തിന്റെ അവകാശത്തിൽ അഥവാ ഇടങ്ങളിലേക്കു പകരുവാൻ ചെയ്യുന്ന ശ്രമത്തിൽ ഗുണമാത്രകളായി ഭേവിക്കുന്ന ആകാശം തന്നെയാണ് ശബ്ദമായി ഭേവിക്കുന്നതു്. ഇതു് ധ്വനിരൂപമായ ഓങ്കാരവുമാണ്. മനുഷ്യൻ ആന്തരികമായ നിയമങ്ങളെകൊണ്ടോ, ധാരണകൊണ്ടോ, ധ്യാനസമാധികളെകൊണ്ടോ അഖണ്ഡാകാര വൃത്തിമാനായി തീരുമ്പോഴം മഹാകാശം കാണുകയും ശബ്ദംമാത്രമനുഭവപ്പെടുകയും മനസ്സുപ്രസക്തമായിനിലകൊള്ളുകയുംചെയ്യുന്ന അവസരത്തിൽ ചിദാകാശവിളയാട്ടമുണ്ടാകുവാൻ വേണ്ടി ഓങ്കാരത്തെ പിരിച്ചു വ്യാഖ്യാനിയ്ക്കയും അതിനെ തിരിച്ചറിഞ്ഞുപാസിയ്ക്കുകയും ചെയ്യുന്ന മാർഗമംഗീകരിച്ചിട്ടുണ്ട്, ഇതിന്റെ വിശേഷത ജ്ഞാനബീജദാനവും നടക്കുന്നു എന്നുള്ളതാണ്.

''അകാരഃപ്രഥമപ്രോക്തഃ
ഉകാരസ്തദനന്തരം
മകാരശ്ചാർദ്ധമാത്രാച

നാദബിന്ദുതതപരം
കലാതീത കലാതീതം
ശാന്തിശാന്തേ പരാതത:
ഉന്മ:നൃകാദശീപ്രോക്താ
ദ്വാദശീത്തുമനോന്മനീ
പൂരിച മദ്ധ്യമാ പശ്ചാൽ
പശ്യന്തീ ചപരാതത:
ഏവംഷോഡശരൂപോയം
പ്രണവസൂഷ്മമാത്രകാ.

ഇപ്രകാരംപ്രണവചിന്തനം ചെയ്യുന്ന മനുഷ്യന് പ്രണവത്തിൻെറ ഊർദ്ധഗതിയെ മനസ്സിലാക്കാനും, മനസ്സിലാക്കുന്നതിന് യോഗോദ്ധാരണം ഉണ്ടാകയും ചെയ്യുന്നതാണു്.

ഇന്നിയും ജ്ഞാനിയും യോഗിയുമായവനു് ഉണർന്നിരിക്കുമ്പോഴും നിദ്രചെയ്തിടുംമ്പോഴും ഉണ്ടാകുന്ന ഏററവും പ്രധാനപ്പെട്ടതും എനിക്കേററവുമിഷ്ടപ്പെട്ടതുമായ ഒരു പ്രാണായാമത്തെപ്പററി ഞാൻ പഠിച്ച ശാസ്ത്രം ഇവിടെ ഉദ്ധരിക്കാം.

1 ''ജാഗരിച്ചീടുമ്പോഴും നിദ്രചെയ്തീടുമ്പോഴും
ലോകത്തിലഭിജ്ഞനായുള്ളവന്നിയലുന്ന
ഉത്തമമാകും പ്രാണായാമത്തെകുറിച്ചേവം
ചൊല്ലുവൻ ഇതുകേരംക്കിൽ കല്യാണമാം.

2 അല്പമെങ്കിലും യത്നംകൂടാതെ കണ്ടുതന്നെ
ഹൃത്പത്മത്തിങ്കൽനിന്നും അയുതേപ്രാണങ്ങരംതാൻ
നന്നായി ബഹിർമുഖമായിട്ടുവേിപ്പതു്
തന്നെയാണുള്ളിലുള്ള രേചകമെന്നോത്തുന്നു.

3 നന്നായി പുറത്തേക്കു പന്ത്രണ്ടംഗുലത്തോളം
ചെന്നീടും പ്രാണങ്ങരം താൻ വിസ്തൃതമായീടുന്ന
അംഗസംസ്പർശം പുറത്തുള്ളോരു പൂരകമെന്നി
ങ്ങനെ ചൊല്ലീടുന്നു ചൊല്ലെഴുംമനീഷികരം.

4 ബാഹ്യത്തിൽനിന്നും അപാനനായീടും സമീരണൻ
ദേഹാഭ്യന്തരത്തിങ്കൽ ചെന്നീടും നേരത്തിങ്കൽ
പാരമങ്ങെളുപ്പമായ് സിദ്ധിക്കും ശരീരപ്ര
പൂരണസ്പർശമന്തഃപൂരകമായീടുന്നു.

5 ഓർത്താലുമപാനൻ താനസ്തമിച്ചഹോപ്രാണൻ
ഹൃത്തിലഭ്യുദിതനാകാതെയുള്ളവസ്ഥയെ
സന്തതമനുഭവിച്ചീടുന്നു യോഗീന്ദ്രന്മാ
രന്ത കുംഭകമെന്നു ചൊല്ലുന്നിതായതിനെ

6 ബാഹ്യോന്മുഖനാം പ്രാണൻ തന്റെ നാസാഗ്ര—
ത്തോളമുള്ളതായീടും ഗതിതന്നെ ആദ്യമായീടു-
ന്നോരുബാഹ്യപൂരകമെന്നു വിദ്വാന്മാ
രായുള്ളവരൊക്കയും ചൊല്ലീടുന്നു.

7 പ്രാണമാരുതനഹോ നാസാഗ്രത്തിൽ
നിന്നു ഊനം കൂടാതെ കണ്ടുപന്ത്രണ്ടം
ഗുലത്തോളം ചെല്ലുന്ന തപരമാം ബാഹ്യ
പൂരകമെന്നു ചൊല്ലുന്നു.

8 പ്രാണൻ താൻ ബഹിർഭാഗമായതി
ലസ്തമിച്ചപാനന്തർഗതനാകാതിരു
ന്നീടുന്നതഹോപരാചിൽ പൂർണ്ണസമാ
വസ്ഥമായ് വിളങ്ങുന്നപുറം കുംഭക
മെന്നുചൊല്ലുന്നു.

9 ചിന്തിച്ചീടുക വായുതന്നപാനോദയമാ
മന്തർമുഖതാം ബാഹ്യരേചകമായീടുന്നു.

10 മാനസത്തിനെ ചെററുംപുറത്തേ
ക്കയയ്ക്കാതെ ദീനതവെടിഞ്ഞിവ
ചെയ്തുകൊണ്ടീടുന്നവൻ സന്ദേഹ
മില്ലചില ദിവസംകൊണ്ടുതന്നെ
നന്നായികേവലമാം പദത്തെപ്രാപിച്ചീടും.

പ്രാണായാമ വിവരണം കഴിഞ്ഞു് ശാസ്ത്രത്തെകുറിച്ചുവിവരിക്കുന്നവൻ പറയേണ്ടതുകൂടി പറഞ്ഞുതീർക്കുന്ന ശാസ്ത്രമേ നമോവാകം.

---

[ശ്രീഗോപാലസ്വാമി ഗുരുനാഥൻ ജീവിച്ചിരുന്നപ്പോഠം അദ്ദേഹത്തിനയച്ച കത്തുകളിൽ അപൂർവ്വചിലതിന്റെ അവ്യക്തമായ ചില കുറിപ്പുകഠം]

20–10–'14

## ശ്രീ ഗുരവേ നമഃ

കുറെനാൾമുമ്പു് എന്റെ ഇടത്തുകാതു് ഊതിഅടക്കുകയും കാലിപാട്ടയിൽ കാററുകേറുംപോലെ ഒരു ശബ്ദം സ്ഥിരമായി സ്ഥലം പിടിക്കുകയും ചെയ്തു. അതുതന്നെ കുറച്ചുകഴിഞ്ഞു് ഒരു നിശബ്ദതയിലെത്തി. അപ്പോഠം ചെവിക്കുമുകളിൽ ഒരു പ്രത്യേക മണികണ്ണിക ഉണ്ടാകുകയും അതിനാൽ എല്ലാശബ്ദങ്ങളും രണ്ടിടത്തു ചെറുതും വലുമായെങ്കിലും സ്പഷ്ടമായികേട്ടിരുന്നു. ഇതുപലതവണ തുടർച്ചയായുണ്ടായി. കാലുറക്കായ്കയും, തലക്കു് ഒരു പ്രത്യേക നിലയും സംഭവിച്ചു. വീട്ടുജോലികഠം വർദ്ധിച്ചതോടെ അതിനല്പം മന്ദതയുണ്ടായി. എന്നാൽ മറെറാരു സംഭവം വെളിയിലുള്ള ശബ്ദങ്ങളെല്ലാം ആകമാനം ശിരസ്സിനകത്തു ധ്വനിച്ചിട്ടു് ഒരു ശബ്ദവും വ്യക്തമല്ലാത്ത ഒരു നിലയിലെത്തി. ഒരു ധ്വനി മാത്രം അവശേഷിച്ചുനിന്നു. ഈ കാലങ്ങളിൽ ഉപ്പൻ കൊക്കുക മുതലായ ശബ്ദങ്ങഠം വെളിയിലേക്കാഠം സ്ഫുടമായി അഖണ്ഡാകാശം മുഴുവൻ കമ്പനം കൊള്ളിച്ചുകൊണ്ടു് അകമേ നിലനില്ക്കുമായിരുന്നു. ഈ ഓരോ അവസരത്തിലും വിഭിന്നങ്ങളായ ആനന്ദമുണ്ടാകുന്നുണ്ടായിരുന്നു. കൂടുതൽ താൽപര്യമായി വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന ദിനങ്ങളിൽ മററു പ്രവൃത്തികളിലേർപ്പെട്ടിരിക്കുമ്പോഴും അല്ലാത്ത അവസരത്തിലും ആകാര

വിസ്മൃതി അതീവ സുഖദായിനിയായെന്നു് സംഭവിക്കുന്നുണ്ടു്. പൂർണ്ണതയെ പ്രാപിച്ചിട്ടില്ല.

എന്നു്.................................

12—[illegible]—'35

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനു മുൻവശം പ്രധാന വാതിലിനു തെക്കുവശം വച്ചുണ്ടായ ബൃഹത്ദർശനം താദൃശമായ, അതിനു മുമ്പുണ്ടായിട്ടുള്ളതിൽ വച്ചു് ഏററവും മഹത്തരമാണു്. ഓച്ചിറ പടിഞ്ഞാറെ കുളത്തട്ടിനു പടിഞ്ഞാറുവശം മുതലായ ചില മഹൽ സന്നിധികളുണ്ടു്. ഇവിടെ വച്ചുണ്ടാകുന്ന ഒരു പ്രത്യേകാനുഭവം ഉണ്ടു്. ഇതു വിവരിക്കുവാൻ പ്രയാസമാണു്. വിടുന്നു.

9—6—'35

സ്വസ്ഥമായിരിക്കുന്ന ഉച്ചസമയം, ഹൂൽക്കാരം ക്രമാതീതശക്തിയോടെ പ്രാപിച്ചിരുന്നു. ആദ്യം അൽപാല്പം തിരയടങ്ങിവരുന്ന സമുദ്രം കാണപ്പെട്ടുവന്നു. ബാഹ്യബോധം വിട്ടു. അതീവ വിശാലമായ പ്രളയപയോധി പ്രത്യക്ഷീകരിച്ചു. അതിൻെറ ഭയാനകത ഉള്ളിൽ തട്ടുന്നുണ്ടു്. ഞാൻ സ്വയം ചലിക്കുന്നുവെന്നു തോന്നിത്തുടങ്ങി. ശരീരബോധവും രൂപബോധവും വളരെത്തുച്ഛമായി. പെട്ടെന്നു ഞാൻ അനന്താകാശത്തിലുയർന്നു. അതിവിശാലാകാശത്തിൽ അനന്തതയുടെ മധ്യത്തിൽ ഫ്ളോട്ടു ചെയ്യുകയായി. കീഴിൽ ഭയജനകമായ പ്രളയപയോധിയും കാണുന്നുണ്ടു്. ഈ അവസ്ഥയിൽ ആകാശം മയിൽപീലിവർണ്ണമായി തിളക്കവും നീലവും നിറഞ്ഞതായി കാണാം. എന്നാൽ ഞാനാകട്ടെ ഉപാധിരഹിതനായും കാണപ്പെട്ടു. നിരുപാധികനായ ഞാൻ മാത്രം ചലിക്കുന്നുണ്ടായിരുന്നു. ആകാശത്തിൻെറയും എൻെറയും നിറം ഒന്നുതന്നെയായ് കാണപ്പെട്ടു. ദ്വൈതത്തിൻെറ ഭീതിസമുദ്രത്തിൽ വീണാലോ എന്നു ദ്യോതിപ്പിക്കുന്നുണ്ടെങ്കിലും അതിശക്തമായ അരൂപം-അന്തും നേരറിഞ്ഞുവെച്ചുകാതെ ന്നാണു്. മഹാകാശം ചിദംബരമാണെന്നു ബോധമുറച്ചു.

ജ്ഞാനാനന്ദനൃത്തം തുടങ്ങി. എത്രയോ കഴിഞ്ഞു നിവർത്തിക്കപ്പെട്ടു.

12–9–35

ഉച്ചവിശ്രമസമയം, ശാന്തമായി എല്ലാവിചാരങ്ങളും കുറഞ്ഞു, പൂർണ്ണമായഖണ്ഡാകാശം നിറഞ്ഞു ക്രമാതീതമായിരിക്കവാൻ തുടങ്ങി.

36 മകരം 5

രാത്രി ഏതാണ്ട മുക്കാൽ സമയവും അഖണ്ഡാകാരം ഉച്ചനിലയെ പ്രാപിയ്ക്കുകയും, ശിരസ്സിൽ അതിശീതളത്വം, കീഴ് മുടി മേല്പോട്ട് അത്യന്തം സുഖദായിനിയായും വ്യാപിക്കുകയും അവർണ്ണനീയമായ ഒരു പ്രത്യേകതരമാനന്ദം സ്ഫുരിക്കുകയും കാലു മുതലായ ഭാഗങ്ങളിലെ സ്ഫുരണങ്ങൾ മേൽപറഞ്ഞ ആനന്ദത്തെ അതിശയനീയമായി വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഫൂൽക്കാരത്തിനു പുറമേ മററു ശബ്ദങ്ങളും ശക്തിയായി നടന്നുകൊണ്ടിരുന്നെങ്കിലും അനുഭവത്തിലെ ശാന്തികൊണ്ട് ഇതൊക്കെ ഇടക്കിടയ്ക്കു വല്ലപ്പോഴും മാത്രമേ അറിഞ്ഞിരുന്നുള്ളു.

10–10–'35

കുറച്ചുനാൾമുമ്പ് പലരും കൂടിയിരുന്നപ്പോൾ തന്നത്താൻ ചലിയ്ക്കുന്നതായി കാണുകയും പതിവുപോലെ കുറച്ചു പ്രവൎത്തനത്തിനുശേഷം നിവൎത്തിയ്ക്കുകയും ചെയ്തു.

ഇന്നു സ്വസ്ഥമായിരിക്കുമ്പോൾ കസേരയോടുകൂടി ചലിയ്ക്കുവാൻ തുടങ്ങുകയും, വേഗത്തിൽ കസേര കാണാതെയും ദേഹം കാണാതെയും, അതിവേഗത്തിൽ കുറെ വൃത്തത്തിൽ കറങ്ങാൻ തുടങ്ങി. ചിലപ്പോൾ ദേഹമെന്ന സ്മരണയുണ്ട്. ചിലപ്പോൾ മുറിക്കകത്തെന്നും അവി

ടെയുമിവിടെയും മുട്ടുമെന്നും തോന്നുമെങ്കിലും അക്ഷോഭ്യനായ തനിക്കു് ക്ലേശലില്ലാത്തതിനാൽ അതുവളരെ സമയം തുടർന്നു. പിന്നീടാണു് നിവർത്തിച്ചതു്.

അതിനുശേഷം താൻ വിദേഹമുക്തനെന്നപോലെ ദേഹം മറന്നു സഞ്ചരിയ്ക്കുന്നതായും, ഇടയ്ക്കും മുറയ്ക്കും ദേഹസ്മരണവരുമ്പോഴും, ദേഹത്തെ കാണുംനേരം ഇരിയ്ക്കുന്ന അവസ്ഥയും ആകാശവടിവിൽനിന്നു കാണുന്നതായും സാക്ഷിരൂപത്തിൽ കണ്ടു.

ഇതിനും രണ്ടുദിവസംമുമ്പു് സ്വസ്ഥസമയത്തു് മറ്റൊന്നുമില്ലാതെ ആകാശംമാത്രം കാണുകയും അതിൽതാൻ ദേഹമില്ലാതെ വളരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നതായറിയുകയും, ഒരു ഭീതി ഉളവാകുകയും, ബലാൽധൈര്യം പ്രാപിച്ചു് സാവധാനാൽ നിവർത്തിച്ചു.

11–12–'35

സ്വസ്ഥനായിരിയ്ക്കെ ഹൂൽക്കാരം അത്യുച്ചത്തെപ്രാപിക്കുകയും അഖണ്ഡാകാരവൃത്തി ഏർപ്പെടുകയും ചെയ്യവേ അനന്തതയിൽ കാണാവുന്ന ചക്രവാളത്തിൽ നാലു റ ശവും അലറലുപോലെയുള്ള ഒരു ഭീകര ശബ്ദം കേൾക്കുകയും താൻ തന്നെയായി നിലകൊള്ളുന്ന ആ അനന്താകാശത്തിൽ ഈ ശബ്ദമുണ്ടാകാൻ കാരണമെന്തെന്നാരാഞ്ഞതിൽ, രൂപമററതന്നിൽ ഹൂൽക്കാരം പ്രവർത്തിക്കുന്നുവെങ്കിലും അതിൽനിന്നുമല്ലാ ആ ഗംഭീര ശബ്ദമെന്നും, വീണ്ടുമന്വേഷിച്ചതിൽ തന്റെ ഹൃദത്തിൽനിന്നും തനിയ്ക്കുപോലുമറിയാൻ പ്രയാസമായ സൂക്ഷ്മശബ്ദമാണെന്നും മനസ്സിലാകുമാറു് അനുഭവരീതിയിൽ, പറയാൻ സാധിക്കാത്ത ഒരനുഭവം ഉണ്ടാകുകയും ചെയ്തു.

അതായതു് വൃത്താകൃതിയിലുള്ള ഒരു ഹൃദയ കേന്ദ്രത്തിൽനിന്നും ധ്വനി ഉയരുന്നതും അതുതന്നെ മുമ്പറഞ്ഞ ഇരമ്പലെന്നു മറിഞ്ഞു.

14 സെപ്റ്റംബർ. '60

സ്വസ്ഥമായിരുന്ന സമയം ബാഹ്യസ്മരണവിട്ട് ആകാശസഞ്ചാരം ചെയ്യവേ അന്തമില്ലായ്മയിൽ ഭയം ജനിച്ചു.

26 വൃശ്ചികം '36

രാത്രി വളരെ ഏറെ സമയം ശരീരം മുഴുവൻ ഒരു 'വൈബ്രേഷൻ' ബാധിക്കുകയും അഖണ്ഡാകാരത്തിൽ നിമഗ്നനായി ആനന്ദാതിശയത്തിൽ നിരന്തരം നില കൊണ്ടു കഴിഞ്ഞുകൂടി.

29 വൃശ്ചികം '36

വളരെ ദിവസങ്ങൾക്കു മുമ്പു മുതല്ക്കേ കാറിന്റെ ഷട്ടറടയ്ക്കുമ്പോലെയും വെടിതീരുംപോലെയും ഫൂൽക്കാര ത്തോടൊപ്പം കേട്ടുവന്നു. ഇന്നുച്ചവിശ്രമവേളയിൽ അതി ഹർഷപ്രസരമാരംഭിക്കുകയും നിറുത്തില്ലാതെ ഉറക്കെ ചി രിക്കുകയും; അതിവേഗത്തിൽ ഇരുന്ന ഇരുപ്പിൽ പായുക യും ചെയ്തു.

16-12-'58

## സ്വാമിജിക്കുള്ളകത്ത്

## ശ്രീ ഗുരുവേ നമഃ

അന്നു ഞാൻ പൂന്തുറ വന്നു സ്വാമികളെ കണ്ടു. സമാ ധിസ്ഥനായി നിദ്രയിലെന്നപോലെ വളരെ നേരംകിട ക്കുകയും ഒന്നെണീററല്പം നടന്നിട്ട് വീണ്ടുംശയിക്കുകയും

ഈ രീതിയിൽ നേരം വൈകുന്നതുവരെ കഴിച്ചുകൂട്ടി തിരികെ അമ്പലത്തറെ നില്ക്കുമ്പോൾ ശ്രീഭാസ്കരൻ പിള്ളയെ കാണുകയും അല്പസമയം അദ്ദേഹത്തിൻെറ സ്നേഹപൂർണ്ണമായ സംഭാഷണത്തിൽ പങ്കുകൊള്ളുകയും ചെയ്തു.

വീണ്ടും ഞാൻ കൊല്ലത്തുവന്നിട്ട് പിറേറന്നു പുതുപ്പള്ളിക്ക പോരുകയും ചെയ്തു. ഈ യാത്രയുടേയും ആഹാരത്തിൻെറയും ഫലമായി എൻെറ ശിരസ്സിൽ വലിയ ചൂടാവിർഭവിച്ചു.

ഒരു ദിവസം ഉച്ചയ്ക്കു സ്വസ്ഥനായിരിക്കുമ്പോൾ ഒരു ശക്തി മേല്പോട്ടു ഗമിക്കുകയും പെട്ടെന്നു കണ്ട നഭസ്സിൽ ശീതകാരണനായ ചന്ദ്രൻ പ്രത്യക്ഷനാകുകയും സോമൻ എന്നബോധം ഉദയം ചെയ്യുകയും ഒരുമിച്ചുകഴിഞ്ഞു. കുറെ നേരം കഴിഞ്ഞു് ഫൂൽക്കാരം മാത്രം അവശേഷിപ്പിച്ചുകൊണ്ടു് എല്ലാം നിവത്തിച്ചു. അതിനുശേഷം അതിശയിക്കുമാറു് ശിരസ്സിലെ ചൂടുകുറഞ്ഞു. വെട്ടി വെട്ടി വിളങ്ങുന്ന പ്രഭ പലപ്പോഴും കണ്ടുവരുന്നു. ദേഹസ്മരണ പൂർവ്വാധികം വിട്ടുവരുന്നുണ്ടു്.

ഒരു ദിവസം രാത്രി ഇരുളടഞ്ഞ അഖണ്ഡാകാരവൃത്തി ആകമാനം മൂടികണ്ടു. ദേഹസ്മരണ ഇല്ലെങ്കിലും സാക്ഷിബോധം നല്ലതിൻവണ്ണം നിലനിന്നിരുന്നു. ആ ഇരുള് അല്പം സുഖമെനിക്കേകിയിരുന്നു. അതിൻെറ മദ്ധ്യത്തിൽ സവ്വത്തേയും മറച്ചുകൊണ്ടു് ഇരുളാകാരമായ ഒരു ഭീകരമൂർത്തി ഇരുപ്പുറപ്പിച്ചു് എന്നെ നോക്കിക്കൊണ്ടിരുന്നു. എൻെറ വൈഷമ്യം അല്പംകൂടി. ഇതാരു് എന്നോ മറേറാ ചിന്തിക്കുന്ന രൂപം പ്രാപിക്കാനാഗ്രഹിച്ചു. അല്പം കഴിഞ്ഞപ്പോൾ ഹാസ്യത്തോടെ ആ രൂപം ഒരു കുട്ടിയൊടെന്നപ്പോലെ കൈകൊട്ടി എന്നെ ആക്ഷേപിക്കുവാൻ തുടങ്ങി. താമസംവിനാ ഒരുജ്ജ്വലപ്രഭ ഇരുളിനെ മുഴവൻ നശിപ്പിച്ചു് ആ മൂർത്തിയെ ഛിന്നഭിന്നമാക്കുന്നതും ഞാൻ കണ്ടു. അപ്പോഴും ഹാസ്യത്തിൽ ഞാ

നാണു മായ എന്നബോധം തോന്നിപ്പിച്ച് അതുപ്രഭയായി തീരുകയോ. പ്രഭയിലന്തരിക്കുകയോ ചെയ്യു. പ്രഭാമാത്രമായിനിലനിന്നു. അവിദ്യഒഴിയുന്നനില എന്നിൽമാററാലികൊണ്ടുനിന്നു. ആനന്ദംസ്ഫുരിക്കുന്നുണ്ടായിരുന്നു.

നിദ്രയിലും സ്വപ്നത്തിലും ജാഗ്രത്തിലും സ്വരൂപസാക്ഷാത്ക്കാരം സഹജാവസ്ഥയെ പ്രാപിക്കുമെന്ന ശ്രീരാമവചനം സ്മരണമണ്ഡപത്തിൽ കെടാവിളക്കായി നിലകൊള്ളുന്നു

## സർവ്വാത്മനാനമസ്കാരം

18—7—'53

## ശ്രീ ഗുരവേ നമ:

പുരോഗമനം വളരെ സാവധാനമാകകൊണ്ടാണു് ഇതുവരെ എഴുതാഞ്ഞതു്. മുൻകത്തിൽ പറഞ്ഞിട്ടുള്ള നെററിത്തടത്തിൽ അനുഭവപ്പെട്ടുകൊണ്ടിരുന്ന സ്പന്ദനങ്ങൾ പൂർവ്വാധികം ശക്തിമത്തായിട്ടനുഭവപ്പെടുന്നുണ്ടു്. കൂടാതെ മൂക്കിൻെറ നാനാഭാഗങ്ങളും പിടിച്ചുമുറുക്കുന്നതുപോലെയും ഇപ്പോളനുഭവപ്പെടുന്നു. ഇതിലും പ്രധാനമായിട്ടറിയപ്പെടുന്നതു് നെററിത്തടമാകമാനം അറിയപ്പെടുന്നതായ സ്പന്ദനവും മരവിപ്പും ഇപ്പോൾ ശിരസ്സിൻെറ മുകൾപരപ്പുമുഴുവനും പ്രത്യേകിച്ച് ഉച്ചിയിൽ അനുഭവപ്പെടുന്നു എന്നതാണു്. തലമുടി കോൾമയിർകൊണ്ടു നില്ക്കുന്നു. നാസാഗ്രത്തുനിന്നും നെററിയിലേക്കും അവിടെനിന്നും ഉച്ചിയിലേക്കും ഒരു ബന്ധം പുലത്തപ്പെടുന്നുണ്ടു് സ്വസ്ഥനായിരുന്നു് ബ്രഹ്മചിന്തയിൽ പ്രവേശിക്കുമ്പോൾ ഉപായത്തിൽ ശരീരസ്മരണ കുറയുന്നുണ്ടു്. മററു പറയത്തക്കവിശേഷമൊന്നുമില്ല. മാററങ്ങളുണ്ടാകുന്നവ അറിയിച്ചുകൊള്ളാം.

എന്നു്, സ്വന്തം ശ്രീധരൻ

ഓം

## ശ്രീ ഗുരുവേ നമഃ

ശ്രീരാമഗീത ഒരാവൎത്തി ശ്രദ്ധയോടെ വായിച്ചു. വളരെ ശാന്തി എനിക്കുണ്ടായി. പ്രവൎത്തനത്തിൽ എന്തൊ ണ്ടൊരുടുക്കം ജനിച്ചു. മുൻപതിവുകളും, പാരായണം മുതലായവ നടത്തുന്നുണ്ടു്. ധ്യാനത്തിൽ അഖണ്ഡാകാശരൂപം സാധാരണയാണു്. പലവിധത്തിൽ ജ്യോതിസ്ഫുരണങ്ങളുണ്ടാകുന്നുണ്ടു്. ശരീരസ്മൃതി വളരെ കുറയുന്നു. തലയ്ക്കു പെരുപ്പും പ്രഷറും അനുഭവപ്പെടുന്നതുപോലെ ഇപ്പോഴും നെഞ്ചത്തും പലപ്പോഴും അനുഭവപ്പെടുന്നു. ഇതു് ശരീരവിസ്മൃതിയെ സഹായിക്കുന്നുണ്ടു്. ധ്യാനത്തിലേർപ്പെടാതിരിക്കുമ്പോഴും ശരീരസ്മരണയില്ലാതാകുന്നുണ്ടു്. കയ്യിലിരിക്കുന്നതിനെ അറിയാതെയും കൈ എങ്ങനെയിരിക്കുന്നെന്നറിയാതെയും മററുമാണനുഭവം. ശിരസ്സാകാശമായി തന്നെ അനുഭവപ്പെട്ടുവരുന്നു. ധ്യാനസമയം വായ് അറിയാതെ തന്നെ തുറന്നുപോകുന്നുണ്ടു്. വായു വായിൽ നിശ്ചലമായി നില്ക്കുന്നതായിട്ടാണു തോന്നുന്നതു്. ശ്വാസം മന്ദഗതിയിലാകുന്നു. വയറു് ചിലപ്പോളൊട്ടുന്നുണ്ടു്. കണ്ണുത്തിനുമുകളിൽ മുഖവും കാതും മററും ശക്തിയായി തുടിച്ചും വെയിൽ കൊള്ളുംപോലെ ചുടിച്ചിലൊട്ടുകൂടിയുമിരിക്കയാണു്.

മനനം ശരിക്കു ചെയ്യുന്നുണ്ടു്. ഭക്തിയും ശരിക്കും വളരുന്നുണ്ടു്. ധ്യാനത്തിലെ ആകാശവീക്ഷണത്തിൽ ജീവത്ശക്തിയും അതിനുപുറമേ ബോധരൂപവും വരുത്തി ആ അദ്വൈതരൂപത്തിൽ ബ്രഹ്മസാക്ഷാത്കാരം കണ്ടെത്തണമെന്ന ആഗ്രഹമാണു് ലക്ഷ്യത്തിലേക്കു പ്രേരിപ്പിക്കുന്നതു് യുക്തികൊണ്ടു് ബോധരൂപം ബ്രഹ്മത്തിന്റേതാക്കാൻ ശ്രമിക്കുന്നു. പ്രപഞ്ചം മുഴുവൻ ബോധമാക്കാൻ സാധിച്ചാലും ബോധത്തിനു രൂപം കൊടുക്കുവാൻ സാധിക്കുന്നില്ല. ബ്രഹ്മവുമങ്ങനെ തന്നെയെന്നു സമാധാനപ്പെട്ട

ന്നു. ശാന്തിയും ആത്മാവുമന്വേഷിച്ചുള്ള എന്റെ പുറപ്പാട് വീണ്ടും വീണ്ടും അനന്തം തന്നെയെന്നേ തോന്നുന്നുള്ളു. ആത്മാവ് ബ്രഹ്മമാണെന്നും അനന്തമാണെന്നും സച്ചിദാനന്ദമെന്നും മററുള്ളതു് അനുഭവിക്കാനാണ് ഞാൻ വീണ്ടും, വീണ്ടുമായുന്നതു്. ആത്മാസത് എന്നതാണെന്നു ബോധം കൊണ്ടുറയ്ക്കാം. ആനന്ദവും സത്തിനേയും ബോധത്തിനേയും പിൻതുടർന്നുവെന്നുവരാം. പക്ഷേ ബോധരൂപസാക്ഷാൽക്കാരമേ പ്രയാസമായുള്ളയെന്നേ എനിക്കു തോന്നുന്നുള്ളു.

അടുത്തുതന്നെ അത്തറാം വരണമെന്നാഗ്രഹിക്കുന്നു.

എന്നു്,

*R. Sreedharan Nair*

പുതുപ്പള്ളി
13-Aug:5

ഓം

## ശ്രീ ഗുരുവേ നമഃ

ഈയിടെ ജോലി കൂടുതലാണെന്ന വിവരം ഞാൻ അങ്ങയെ അറിയിച്ചിട്ടുണ്ടല്ലോ. കിട്ടുന്ന സമയം മുതലാക്കാമെന്നു കരുതി പ്രയന്ത്നിക്കുകയാണു്.

ഇന്നലെ ഉച്ചക്കു ഞാൻ സ്വസ്ഥനായിരിക്കുമ്പോൾ ഞാനാറിയാതെ തന്നെ ചുററുപാടുകൾ ഒന്നു ഓർക്കാതെ വരുകയും ശിരസ്സിലെ ഫൂൽക്കാരം അതിശക്തിയെ പ്രാപിക്കുകയും ചെയ്തിരുന്നു. അധികം താമസം കൂടാതെ നിവർന്നു നിൽക്കുന്ന ഓരോ മുടിയിലുംകൂടി നാനാവഴിക്ക് ഫൂൽക്കാര ധ്വനി പ്രവഹിക്കുന്നതായും അതേതാണ്ടു് പ്രണവമായി രൂപാന്തരപ്പെട്ടതായും, പകുതി തുറന്നിരി

ക്കുന്ന വായിൽ| വായു നിശ്ചലമായി നിന്നിരുന്നുവെങ്കിലും അതിൽകൂടിപോലും 'എററ്റനാബർണറിൽ' നിന്നും ദീപനാളംപോലെ ധ്വനിയും എന്തോ ശക്തിയും വെളിക്കു ഗമിക്കുന്നപോലെയും അനുഭവപ്പെട്ടു. പെട്ടന്നുതന്നെഇതൊന്നും ഞാനറിയാതാകയും ശാന്തിയും തൃപ്തിയും എന്നിൽ സ്ഫുരിച്ചെന്നു തോന്നുകയും ചെയ്തു. കുറെ കഴിഞ്ഞു് ഞാൻ ബാഹ്യബോധത്തെ പ്രാപിക്കുകയും ചെയ്തു. എപ്പോഴാം ഓർമ്മവിട്ടെന്നോഎത്രനേരംകഴിഞ്ഞുവെന്നോഅറിഞ്ഞിരുന്നില്ല. നിത്യകർമ്മങ്ങൾ മുടക്കാതെ തന്നെ മററുകൃത്യങ്ങൾ ചെയ്യുന്നു.

എന്നു്

*R Sreedharan Nair*

23 Aug: '55

ഓം

## ശ്രീ ഗുരുവേ നമഃ

അങ്ങയുടെ കത്തുവന്നപ്പോൾ ഞാൻ കൊല്ലത്തായിരുന്നു. തിരിച്ചെത്തിയപ്പോഴേയ്ക്കും ദിവസങ്ങൾ കഴിഞ്ഞു പോയി. അന്നു വന്നു ചേരാൻ സാധിക്കാത്തതിൽ വ്യസനിക്കുന്നു. കൃഷിക്കാലമാകകൊണ്ടു് എൻെറ പ്രവൎത്തനം മന്ദീഭവിച്ചിരിക്കയാണെങ്കിലും കൃത്യം തെററിക്കാതെ കഴിച്ചുകൂട്ടുന്നു.

ധ്യാനാവസരത്തിൽ മഹാകാശത്തിലുറച്ചു നിൽക്കുമ്പോൾ ശിരസ്സിലെന്നായിട്ടല്ലാതെ ആകാശമദ്ധ്യത്തിലെന്നായി തോന്നിയിരുന്ന സ്ഫുരണങ്ങൾ വശങ്ങളിലേക്കു വ്യാപിച്ചു് അതിൻെറ അതിരുകൾതകൎക്കാനെന്നോണം ഉജ്ജ്വലത്തായി വെളിയിലേക്കുതള്ളുന്നതായിട്ടനുഭവപ്പെടുന്നു. ഈ അവസരത്തിൽ ഒരു പ്രത്യേക പ്രതീതി

വിവരിക്കാനവ്യക്തമായതും എന്നാൽ സുവ്യക്തവും സുഖദായിനിയുമായ ഒരു ഫീലിംഗുണ്ടാകുന്നുണ്ട്. മറ്റൊന്നിനോടുമുപമിക്കാൻ അറിഞ്ഞുകൂടാത്തതുകൊണ്ട് അതിനെ അറിയിക്കാൻ സാധിക്കുന്നില്ല. ശാന്തിയെ വളർത്തുന്നതല്ലാതെ അത് ഒട്ടും കുറയ്ക്കുന്നില്ല.

മനനം ജ്ഞാനസ്വരൂപദർശനത്തെ ഉന്നിയാണ്. ധ്യാനത്തിന് നിശ്ചലതവും യോഗത്തിൽ ചൈതന്യവും ഉണ്ടാകുമെങ്കിൽ എന്തുകൊണ്ടാണ് ബോധത്തെ പ്രാപിക്കേണ്ടത് മറ്റൊന്നിനോടും ചേരാതെ ബോധത്തെ എങ്ങനെ അറിയും. അതെങ്ങനെയിരിക്കും. ആ അത്യത്ഭുതത്തിൽ എങ്ങനെ ഞാനെത്തും. ഘടാകാശത്തിൽനിന്നും ചിദാകാശത്തിലേയ്ക്കെങ്ങനെ മാറാം. അതില്ലെങ്കിൽ എങ്ങനെ തൃപ്തനാകും. കരുണാകടാക്ഷങ്ങൾ രക്ഷിക്കട്ടെ.

നമസ്കാരം

എന്ന്,

*R. Sreedharan Nair*

ഓം

## ശ്രീ ഗുരവേ നമഃ

നാദങ്ങൾ വളരെ ലോപിച്ചിട്ടുണ്ട്. ധ്യാനാവസരത്തിൽ നേരിയ ഒരു ഫൂത്കാരം അവശേഷിയ്ക്കുന്ന അതും ചിലപ്പോൾ ശ്രദ്ധിച്ചാലേ അറിയപ്പെടൂ. ശരീരസ്മരണ ധ്യാനാവസരത്തിലും അല്ലാത്തപ്പോഴും ഗണ്യമായതോതിൽ കുറയുന്നുണ്ട്. കയ്യും വിരലുകളും നിർജ്ജീവമായപോലെ അറിയപ്പെടുന്നുണ്ട്. അതിന്റെ 'പൊസിഷൻ' തന്നെ മറക്കുന്നുണ്ട്. അകമാനമുള്ള രൂപവും ഏതാണ്ട് മറപ്പെടുന്നുണ്ട് ഈ അവസരത്തിൽ ഇടുങ്ങിയ ഒരാകാശ

ത്തിൻെറ പ്രതീതി അനുഭവപ്പെടുന്നു. ഈ ഇടുങ്ങിയ രീതിയും ഇരുളും പലപ്പോഴും മാറി കൂടുതൽ നിർമ്മലവും പ്രകാശമാനവുമാകുന്നുണ്ടു്. എന്നാൽ സാക്ഷിപദത്തിൽ നിന്നും മാറിയിട്ടില്ല. ഈ രീതിയെ മനനംകൊണ്ടു മാററാൻ ശ്രമിച്ചുവരുന്നു. ബ്രഹ്മത്തിൻെറ ആസ്തികൃം, അദ്വൈതം, വ്യാപ്തി മുതലായവയെ പററി ചിന്തിച്ച് വ്യാപ്തവും അദ്വൈത രൂപവുമായ ആകാരവുമായി താരതമ്യപ്പെടുത്തി അതിലെ ദൃശ്യരൂപുടിയെ വേർതിരിച്ചു കാട്ടി ബ്രഹ്മത്തെസാക്ഷാത്ക്കരിക്കാൻ ശ്രമിക്കുന്നു. ആകാശപ്രതീതി ജഡരൂപധാരണയുടെ അവശിഷ്ടമാണെന്നും പ്രപഞ്ചസൃഷ്ടിയിൽ പെട്ടതാണെന്നും മനസിലാക്കി അതിലെ പദാർത്ഥബോധത്തെ അതിജീവിക്കുവാൻ വേണ്ടി ആകാശാണുക്കളുടെ ബോധത്തെ പററി പരിചിന്തിച്ച് അതുവഴി സർവ്വവ്യാപകമായ ബോധത്തിൽ കടന്ന് ഒരു ബോധപടല വ്യാപ്തിയെ അറിവിനാൽ സാക്ഷാത് കരിക്കുവാൻ ശ്രമിക്കുന്നു.

കാലിനു് കൂടുതൽ സമയം ഇരിക്കുന്നതുകൊണ്ടുണ്ടാകാറുള്ള അസുഖം വളരെ കുറഞ്ഞിട്ടുണ്ടു്. യാത്ര ചെയ്യുമ്പോഴും വെറുതേയിരിക്കുമ്പോഴും ശരീരസ്മരണ കുറെയൊക്കെ മാറുന്നുണ്ടു് ഇതു് ആനന്ദദായകമായി അനുഭവപ്പെടുന്നു. ചില പ്രത്യേക അവസരങ്ങളിലും കുനിഞ്ഞു നില്ക്കുമ്പോഴും കുളികഴിഞ്ഞു പാരായണത്തിനാരംഭിക്കുമ്പോഴും ശരീരസ്മരണ കുറയാനോ എന്തോ ഒരു സുഖകരമായ തലകറക്കത്തിൻെറ പ്രതീതി ഉണ്ടാകുന്നുണ്ടു്. ധ്യാനാവസരത്തിൽ ശിരസ്സിൽ സുഖദായിനിയായ തണുപ്പു തോന്നുന്നുണ്ടു്. ഉള്ളം കയ്യിൽ എന്തോ വായു ചുഴിഞ്ഞു താഴുന്നപോലെയും നല്ല ശീതവും ചേഷ്ടയില്ലായ്മയും അറിയപ്പെടുന്നു. ബാക്കി പുറകെ അറിയിച്ചുകൊള്ളാം.

പുതുപ്പള്ളി
25 Aug56

ഓം

## ശ്രീ ഗുരുവേ നമ:

അന്നു ഞാനറിയിച്ചിരുന്ന ഹനുമൽദർശനത്തിനുശേഷം കുറച്ചു കാലമെനിയ്ക്കു സ്വസ്ഥമായിരിക്കുവാനോ അധികമായി ധ്യാനിയ്ക്കുവാനോ കഴിഞ്ഞിരുന്നില്ല. സാധാരണ രീതിയിൽ മാത്രം മിക്ക ദിവസങ്ങളും കഴിഞ്ഞുകൂടേണ്ടിവന്നു. ഹൂൽക്കാരവും സ്പന്ദനങ്ങളും അപ്പോഴുമെന്നെ നിരാശനാക്കാതെ മുന്നോട്ടു കൊണ്ടുപോയിരുന്നു ജൂലൈമാസം 16—ാം തീയതിയോടെ എനിക്കല്പം സമയം കിട്ടുകയും ഞാൻ മുൻപതിവു തുടങ്ങുകയും ചെയ്തു. ഏതാണ്ടു് പകൽ പതിനൊന്നുമണിവരെ പാരായണാദികളിൽ കഴിഞ്ഞുകൂടുകയും, പിന്നീടു് ആഹാരവും കഴിച്ചു് സ്വസ്ഥനായി കസേരയിലിരുന്നു. ഹൂൽക്കാരം അത്യുച്ചത്തിൽ പ്രയോഗിക്കപ്പെടുന്നതായും അതിനെ തുടർന്നു് ഉച്ചിയിൽ എന്തോ ധ്വനിയോടുകൂടി കറങ്ങുന്നതായും അതു് അതിശക്തിയായും അനുഭവപ്പെട്ടു. വട്ടവാളിൽ തടിവച്ചറക്കുമ്പോഴുള്ളതുപോലെ ധ്വനി അത്ര ഉഗ്രമായിരുന്നു. പിറേറന്നും എന്നല്ല സ്വസ്ഥമായിരിക്കാൻ സാധിച്ച എല്ലാ ദിവസവും ഈ അനുഭവമുണ്ടായിക്കൊണ്ടിരുന്നു. ജോലിക്കാര്യവും ഓണവും മററും അലട്ടി എങ്കിലും മുമ്പുപറഞ്ഞ അനുഭവം ഉണ്ടാകുന്നുണ്ടു്. ശരീരവിസ്മൃതി കൂടുതലായിട്ടുണ്ടാകുന്നുണ്ടു്. കല്പടകളിൽ നിൽക്കുന്നതിനും വെളുമ്പത്തുകൂടി നടക്കുന്നതിനും ഭയം തോന്നുന്നുണ്ടു്. അഖണ്ഡാകാരവൃത്തിയിൽ ഞാൻ ബ്രഹ്മമാണെന്ന ഭാവം സാധിപ്പാൻ ശ്രമം ചെയ്യുന്നു. താമസംവിനാ അവിടെ വന്നു കാണാൻ ശ്രമം ചെയ്യുന്നു.

എന്നു്

*R Sreedharan Nair*

പുതുപ്പള്ളി
8th Oct; '58

ഓം

## ശ്രീ ഗുരുവേ നമഃ

ഉപാസനാ രീതിയിലുള്ള ചര്യ ഞാൻ വളരെ മാറ്റി. ബ്രഹ്മഭാവനയിൽ കഴിയാൻ ശ്രമിക്കുന്നു. ഇതിനു ഞാൻ വളരെ മനപ്രയാസം നേരിടേണ്ടിവന്നു. സമാധിയെ അഥവാ ബ്രഹ്മസാക്ഷാത്ക്കാരത്തെ മുൻനിറുത്തിയാണെന്റെ എല്ലാപ്രവർത്തനവും. അഖണ്ഡാകാരവൃത്തി കൂടുതൽ വികസിക്കുന്നുവെങ്കിലും മനസ്സ് ദേശകാലാവസ്ഥയിൽ നിറഞ്ഞിരിയ്ക്കുന്നുഎന്നുഞാനറിയുന്നു.മനസ്സടങ്ങിശുദ്ധബ്രഹ്മത്തിൽ ലക്ഷ്യംവയ്ക്കുന്നു. വളരെധൈര്യമവലംബിച്ചിട്ടും കാര്യങ്ങൾ മുന്നേറാതെ വന്നു. നിരാശ ശക്തിയായി ബാധിയ്ക്കുവാൻ തുടങ്ങി. ഒററന്യായം മാത്രമേ ഇതിൽനിന്നും എന്നെ രക്ഷിയ്ക്കുവാൻ പ്രാപ്തമായിരുന്നുള്ളു. എത്രദുരിതം നേരിട്ടാലും എത്രനിരാശവന്നാലും ഇതിൽ മുന്നോട്ടു പോകുകയല്ലാതെ മറെറാരു സമാധാനവും എന്റെ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുവാൻ പോകുന്നില്ല എന്നതാണ്. പോകുന്നതായ ഓരോനിമിഷവും കഴഞ്ഞ നീന്തലുകാരനെ നേരിടുന്ന ഓരോ വമ്പിച്ച തിരമാലയായിട്ടാണ് എനിക്കുതോന്നിയതു്. ശരീരം ഞെരിക്കുന്നപോലെയും, പിഴിയുന്നപോലെയും, പുഴപിടയ്ക്കുന്നപോലെയും പലപ്പോഴും എനിക്ക് സഹിക്കാൻ വയ്യായ്ക വന്നിട്ടുണ്ട്.

പുരാണത്തിലെ ദുഃഖ വർണ്ണനകൾ മാത്രമേ എന്നെ അല്പമെങ്കിലും ആശ്വസിപ്പിച്ചിരുന്നുള്ളു.

ഇങ്ങനെ കഴിയവേ ഒരു ദിവസം ധ്യാനത്തിൽ അഖണ്ഡാകാശ രൂപത്തിൽ താൻ മാറിയതായും അപ്പോൾ ശിരസ്സിന്റെ ദക്ഷിണ ഭാഗത്തുനിന്നും വാമഭാഗത്തേക്കൊരു

ശക്തി പ്രവേശിച്ചതായി തോന്നുകയും ഞാനല്പ സമയം ശരീരം വിട്ടെന്നപോലെ അഖണ്ഡാകാശത്തിൽ കാണുകയുമുണ്ടായി.

ഇതാവർത്തിച്ചനുഭവപ്പെട്ടു. വടക്കുനോക്കി യന്ത്രത്തിന്റെ സൂചി തിരിച്ചുവച്ചാൽ/തിരിച്ചുവടക്കോട്ടുവരുംപോലെ രണ്ടുമൂന്നുതവണ ഈ ശക്തിപ്രവാഹമുണ്ടായി. ഇതിനുശേഷം ഞാനറിയാതെ തന്നെ എന്റെ ദുഃഖങ്ങൾ മാറിയെന്നു മാത്രമല്ലാ വീണ്ടും മനനം കൊണ്ടുപോലും ആ ദുഃഖം വന്നു ചേർന്നില്ല. പിറ്റേ ദിവസം തലേ ദിവസത്തെ അനുഭവം നിഴൽ പ്രായമായിട്ടേ അനുഭവപ്പെട്ടുള്ളു. വീണ്ടു ദുഃഖമെന്നേ മുഴക്കുവാൻ തുടങ്ങിയിരിക്കുകയാണു്. ഒന്നും ഞാൻ വകവയ്ക്കുകയില്ലെന്നു തീർച്ച ചെയ്തിരിക്കയുമാണു്.

ശബ്ദങ്ങൾ പലപ്പോഴും പല കോലാഹലങ്ങളും കാട്ടിക്കൂട്ടുന്നുണ്ടു്. യഥാർത്ഥ ഇടിമുഴക്കം പോലെ സിരകളെ മുഴുവൻ ഇളക്കിമറിച്ചുകൊണ്ടു് ശബ്ദങ്ങൾ കേൾക്കുന്നുണ്ടു്. താമരവിലസുന്ന ശബ്ദം ശിരസ്സിന്റെ നാനാഭാഗത്തും കേൾക്കുകപതിവാണു്. ഫൂൽക്കാരം നിരന്തരം തുടർന്നുകൊണ്ടിരിക്കുന്നു. താമസിയാതെ അവിടെവന്നു കാണണമെന്നു കരുതുന്നു.

എന്നു്,

*R Sreedharan Nair*

പുതുപ്പള്ളി

17 th June '57

ഓം

## ശ്രീ ഗുരവേ നമഃ

ആത്മ സാക്ഷാത്കാരത്തിനുള്ള പ്രവർത്തിയും വാശിയും വൈരാഗ്യവും വർദ്ധിപ്പിച്ചുകൊണ്ടു് ആശയെ

ഞാൻ വെടിഞ്ഞു. അഖണ്ഡാകാരവൃത്തി സാത്വികമായിതീർന്നു വരുന്നു. ശൂന്യകുംഭം ആകാശത്തിലെന്നപോലെ വ്യക്തമായും മററും കിട്ടുന്ന അനുഭവം അല്പം ആശ്വാസവും ആനന്ദവും നല്കുന്നുണ്ട്. ശരീരത്തിന്റെ എല്ലാഭാഗവും നിശ്ചലമാകുകയും, സ്പർശനം പിൻവലിയ്ക്കപ്പെട്ട കൈവിരലുകൾ താമരയിതളുകൾ വിലസുമ്പോൾ ഉള്ള ചെറിയ'ട്ടി' കാരത്തോടെ നിവരുകയും ചില പ്രത്യേക രൂപത്തിൽ വിലസുകയും ചെയ്യുക ധ്യാനത്തിൽ പതിവാണ്. ചിലപ്പോൾ കൈകാലുകൾക്കുചുടിച്ചിൽ അനുഭവപ്പെടുകയും അതു് വളരെ സമയം നീണ്ടു നില്ക്കുകയും ചെയ്യുന്നുണ്ട്. നൃന്നു നില്ക്കുന്ന തലസ്പുരണങ്ങളോടൊപ്പം വളരെ അല്പാല്പമായി മലച്ച് നെട്ടംമേല്പോട്ടു നോക്കുന്ന രീതിയിൽ എത്തിച്ചേരുന്നു. അപൂർവ്വം ചില ദിവസങ്ങളിൽ ഒരു ശക്തി ദേഹം മുഴുവൻ വ്യാപിക്കുകയും ഉടൻ തന്നെ മാറുകയും ചെയ്യുന്നുണ്ട്.

കുറച്ചു ദിവസങ്ങൾക്കുമുമ്പ് ഈ അവസ്ഥ അതിശക്തിയായിട്ടനുഭവപ്പെടുകയും ബോധമുണ്ടായിട്ടും വിസ്മൃതി പരക്കുകയും നിശ്ചലമായ ഒരവസ്ഥ അനുഭവപ്പെടുകയും ചെയ്തു. പിറേറന്നും ഇതു് അടുപ്പിച്ചടുപ്പിച്ച് രണ്ടു മൂന്നു തവണ അനുഭവപ്പെട്ടു.

ജോലി ധാരാളമുണ്ടെങ്കിലും ആഗ്രഹങ്ങളിലും വിചാരങ്ങളിലുംനിന്നൊഴിഞ്ഞു് ആത്മലക്ഷണാദിചിന്തകളെ പുലത്തിവരുന്നു.

വീണ്ടും വീണ്ടും നമസ്കാരം

*R. Sreedharan Nair*

പുതുപ്പള്ളി
9—കുംഭം '34

ഓം

## ശ്രീ ഗുരവേ നമ:

ഈ കൃഷിയെടുപ്പിനുമുമ്പ് ഞാൻ നല്ലതിൻ വണ്ണം വായിച്ചുന്നുണ്ടായിരുന്നു. ശ്രീരാമഗീതയിലെ ജാഗ്രത് മുതൽ തുര്യതുര്യം വരെയുള്ള ഓരോ സ്റ്റേജും എന്നെ നന്നായി ആകർഷിച്ചു. സ്വപ്നത്തിലും നിദ്രയിലും തുര്യാവസ്ഥ സാദ്ധ്യമെന്ന വിഷയം അത്യന്തം ഗാഢമായ ചിന്തയ്ക്കിടയാക്കി. അങ്ങനെയൊരു ദിവസം ഗാഢസുഷുപ്തിയിലും സ്വപ്നത്തിലും ഞാൻ അഖണ്ഡാകാരവൃത്തിയിൽ ലയിച്ചു നിലകൊള്ളുന്നതായി കണ്ടു. മറ്റൊരു ദിവ്സം പകൽ ജാഗ്രത്തിൽ ഞാൻ പ്രാൎത്ഥിച്ചിരിയ്ക്കുമ്പോൾ അഖണ്ഡാകാരത്തിൽമുഴുകിയിട്ട് അതിൽ ഞാൻ ലയിച്ചിരിയ്ക്കുമ്പോൾ പ്രാൎത്ഥന നടന്നതായിട്ടാണ് തോന്നിയതു്. ഇപ്പോൾ ദശോപനിഷത്തിലെ ബ്രഹ്മപ്രതിപാദ്യതയെ പഠിക്കയാണു്. താമസം കൂടാതെ അവിടെ വരണമെന്നു കരുതുന്നു.

*R Sreedharan Nair*

പുതുപ്പള്ളി
16—9—'34

ഓം

## ശ്രീ ഗുരുവേനമ:

ഏതാണ്ടു് ഒരുമാസം മുമ്പ് എന്റെ ചെവി ഊതി അടയ്ക്കുകയും അതിനെ തുടർന്നു് ശിരസ്സു് കാലിപ്പാട്ടായു ടെ ഭാരത്തിൽ കൂടി കാററടിക്കുമ്പോൾ ഉണ്ടാകുന്നതരം

ധ്വനി സർവ്വദാ അവശേഷിക്കുകയും അതിനുശേഷം ഇട ത്തെ ചെവി ധ്വനി രഹിതമായി മാറുകയും ഒരു വല്ലാത്ത നിലയിലെത്തുകയും ചെയ്തിരുന്നു. താമസമെന്യേ ഇടത്തെ കാതിനുമുകളിൽ ഉള്ളിൽ ഒരു പ്രത്യേക മണികർണ്ണിക ഉണ്ടാവുകയും അതു സർവ്വശബ്ദങ്ങളേയും സ്വീകരിക്കുകയും ചെയ്തുവന്നു. അപ്പോൾ എനിക്കു രണ്ടിടത്തു് ഒരു ശബ്ദം തന്നെ സ്പഷ്ടമായി കേൾക്കാമെന്നായി തീർന്നു. ഒരുത്തൻ ഒന്നു്, രണ്ടു് എന്നു ആറുവരെ എണ്ണുന്നതു് ശിരസ്സിൽ രണ്ടു ഭാഗത്തു് ചെറുതും വലുതുമായ രീതിയിൽ വ്യക്തമായി കേട്ടു. ഇതിനുശേഷം എല്ലാ അവസരത്തിലും ഇതു തുടർന്നു വന്നു. എന്നാൽ ഇടത്തുവശത്തുനിന്നും പറയുന്നതു് ശിരസ്സിനുള്ളിൽ ഗംഭീരമായ മുഴക്കമായി പലപ്പോഴും മാറുന്നതായിരുന്നു. ഒരു ദിവസം ധ്യാനാവസരത്തിൽ ഒരു ഉപ്പൻ കൊക്കിയതു് അഖണ്ഡബ്രഹ്മാണ്ഡം മുഴുവൻ മാറ്റൊലികൊണ്ടതായിട്ടറിയപ്പെട്ടു. വെളിക്കേ ധ്വനിക്കുകയു് എന്താണിത്ര ശക്തി എന്നോർത്തപ്പോൾ തന്നെ ആ ശബ്ദം ശിരസ്സിൻെറ ഉള്ളിലും അഖണ്ഡാകാരത്തിൻെറ മദ്ധ്യത്തും രണ്ടിടത്തല്ലാത്തതായിട്ടറിയപ്പെട്ടു ഇതു കഴിഞ്ഞു പല അവസരത്തിലും വെളിക്കേ ശബ്ദങ്ങൾ അഖണ്ഡാകാശം മുഴുവൻ മുഴക്കുന്ന മുഴക്കമായിട്ടറിഞ്ഞുവന്നു. ഇതിനു പുറമേ നടക്കുമ്പോൾ കാലു വഴുതുകയും ഭ്രൂസ്പർശ സ്ഫുരണമില്ലായ്മയും കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നു.

കഴഞ്ഞ സാമ്പത്തിക കാര്യങ്ങളിൽ ഇടപെടേണ്ടതായിവരികയും കൃഷിജോലി എൻെറ സ്വാസ്ഥ്യത ഹനിക്കയും ചെയ്യുതോടെ മേൽപറഞ്ഞവ മന്ദീഭവിച്ചു. ''ഹൃദയഗ്രന്ഥി വിട്ടിട്ടു് സഞ്ചരിച്ചീട—'' എന്ന കൗതുകത്തോടടുത്തു. എനിക്കതിനു സ്വല്പകാലതാമസം നേരിട്ടു. വീട്ടുകാര്യങ്ങൾ എന്നെ അപരാധിയാക്കിയതായി ചിന്താഗതി വന്നിരിക്കുകയാണു്. ബാക്കി കാര്യങ്ങൾ മുവദാവിൽ പറയാൻ മാറുന്നു.

ശ്രീ ഗുരുവേ നമഃ

*Sreedharan Nair*

പുതുപ്പള്ളി
27–9–'33

ഓം

## ശ്രീ ഗുരവേ നമഃ

താമസമെന്യേ ഞാൻ പുറത്തു വന്നു ചേർന്നു. ഒരു പൊതി ചോറുമായി ഞാനദ്ദേഹമിരുന്ന മൈതാനത്തിന്റെ വടക്കേ അററത്തേയ്ക്കു തിരിച്ചു. നടന്നു കൊണ്ടിരുന്ന അദ്ദേഹത്തെ അനുഗമിച്ചു കുറച്ചുനടന്നു. അപ്പോളദ്ദേഹം കുടിലുകളുടെ ഇടയിൽ കൂടി സഞ്ചരിച്ച് ചുററിക്കറങ്ങി വരുമെന്നു പ്രതീക്ഷിച്ചു ഞാനവിടെ നിന്നു. സ്വല്പം കഴിഞ്ഞു് എന്നെ വിളിക്കുന്നതായി ഒരാാം പറഞ്ഞു. ഞാനവിടെ എത്തി. അനുചരനാണു വിളിച്ചതു്. അദ്ദേഹം സ്വസ്ഥനായിരിക്കയാണു കാണാം എന്നു പറഞ്ഞു. ഞാനടുത്തുചെന്നു പൊതി മുമ്പിൽ വച്ചു നിവത്തു പാദങ്ങളിൽ തൊട്ടു തൊഴുതു. പൊതിനോക്കി എന്തോ ശബ്ദിച്ചു. ഞാൻ നിശ്ചലനായിട്ടവിടെ നിന്നു. ഞാനിത്രയൊക്കെ പ്രവത്തിച്ചു നോക്കി മനോനിഗ്രഹമവശേഷിക്കുന്നു. വിദേഹാവസ്ഥയാണദ്ദേഹം, എനിക്കതു സാധിക്കണം എന്നു ശക്തിയായ രീതിയിൽ വിചാരിച്ചുകൊണ്ടു് ധ്യാനനിഷ്ഠനായി നിലകൊണ്ടു. അദ്ദേഹം എന്തോ ശബ്ദമിടക്കിടെ പുറപ്പെടുവിച്ചുകൊണ്ടിരുന്നു. എനിക്കതിനു ചില അത്ഥങ്ങളും ഉള്ളിൽ സ്ഫുരിക്കുകയും ചെയ്തു. ഇങ്ങനെ വളരെ നേരം കഴിച്ചുകൂട്ടി. അവിടെയുള്ള പരിചാരകൻ പൊതികളെല്ലാമഴിച്ചു കാട്ടി. മുറുക്കാനും മററു പലതുമുപയോഗിച്ചതിനുശേഷം രണ്ടു നുള്ളചോറു വാരി വായിലിട്ടു വീണ്ടും പഴയപടി ഇരുപ്പായി. പ്രസാദം ഞാനും അവിടെക്കൂടി എല്ലാവരുംകഴിച്ചു. ഞാൻ വീണ്ടും നമസ്കരിച്ചു. അപ്പോഴും അദ്ദേഹം എന്തോ ശബ്ദം പുറപ്പെടുവിച്ചു. മതി മതി എന്നായിരുന്നു അതിനെനിയ്ക്കുള്ളിൽ സ്ഫുരിച്ചആശയം താമസിയാതെ അദ്ദേഹം അവിടെ നിന്നും എണീററു നടന്നു. ഞാൻ തിരിച്ചുപോരാൻ വേണ്ടി റോഡരികിലുള്ള അമ്പലത്തിലേക്കു നടന്നു. ആ

അമ്പലത്തിലേക്കുവന്ന ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ സുഖമായി കാണാവുന്ന തരത്തിൽ അദ്ദേഹം ഒരു വീട്ടുതിണ്ണക്കിരുന്നിരുന്നു. ഞാൻ കുറെ നേരം അവിടെയും നോക്കിനിന്നു. താമസിയാതെ അദ്ദേഹം ഞാൻ നിന്ന ക്ഷേത്രമുററത്തുവന്നു് കുറെ ഏറെ നേരം നോക്കിനിന്നു.

മഴയുടെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി. ഞാനമ്പലത്തറവന്നു തിരുവനന്തപുരത്തേക്കുപോന്നു. അമ്പലത്തറവച്ചേ മഴ ആരംഭിച്ചു. അങ്ങോട്ടു വരണമെന്നു വിചാരിച്ചെങ്കിലും കൊല്ലത്തേക്കു മടങ്ങി. ബാക്കി മുഖദാവിൽ പറയാമെന്നു കരുതുന്നു. താമസിയാതെ അങ്ങയെ കാണണമെന്നാഗ്രഹിക്കുന്നു. ഇടവം പത്തിനുശേഷം

എന്നു്

*R Sreedharan Nair*

പുതുപ്പള്ളി
9–Juliy '56.

ഓം

ശ്രീ ഗുരവേ നമഃ

കുറെ ദിവസങ്ങളായി എന്റെ പ്രവർത്തനങ്ങളെല്ലാം മന്ദീഭവിച്ചു കഴിഞ്ഞു കൂടുകയാണു്. അങ്ങനെയിരിക്കെ ഒരു ദിവസം രാത്രി മൂന്നു മണിയോടുകൂടി പെട്ടെന്നു ഹൂൽക്കാരം അതിഗംഭീരമായി തുടങ്ങുകയും ശരീരത്തിന്റെ ഹൃദയപ്രദേശത്തു നിന്നും അതു് നാനാ പ്രദേശത്തേയ്ക്കും വ്യാപിക്കുകയും അങ്ങനെ ദേഹംമുഴുവൻ ഹൂൽക്കാരംകൊണ്ടുനിറയുകയും ആ ശബ്ദം വെളിയിലേക്കു് അതിവേഗത്തിൽ ഗമിക്കുകയും അതു് അഖണ്ഡാകാശം മുഴുവൻ നിറഞ്ഞു ദേഹം വിസ്മൃതമാകുകയും ചെയ്തു. അപ്പോൾ ശബ്ദംപോലും നിലച്ചിരുന്നു. അതിനെല്ലാം ശേഷം ആ

നില നിവൎത്തിക്കുകയും കുറെ കഴിഞ്ഞു വീണ്ടുമതാവർത്തിക്കയും ചെയ്യു.

..........................................................................

എന്നു്

*R Sreedharan Nair*

പുതുപ്പള്ളി
30 കന്നി '30

ഓം
ശ്രീ ഗുരുവേ നമ:

ഇന്നലെ സന്ധ്യയ്ക്കുമുമ്പു മുതൽ ശിരസ്സിൽ പെരുമ്പറ നാദമാരംഭിച്ചു. പാരായണ സമയത്തും മററും അതിശക്തമായി പ്രവഹിച്ചിരുന്നു. പത്തുമണിക്കു ശേഷമാണു് ഞാനുറങ്ങാൻ കിടന്നതു്. നിദ്രവേഗത്തിൽ വന്നില്ല. ശിരസ്സിലെ ധ്വനിയും സ്ഫുരണവും അതിരുകവിഞ്ഞതായിരുന്നു. സ്വസ്ഥനായി ഞാൻ നീണ്ടുനിവൎന്നു കിടന്നിരുന്നു. കൈകൾ രണ്ടും പ്രജ്ഞയെ വിട്ടു് ഒന്നു നെഞ്ചത്തും ഒന്നു നിലത്തും നിവൎന്നു് ശവത്തിൻെറ കൈകൾ പോലെ കിടക്കുന്നുണ്ടു്. ഏതോ വായുവിൻെറ ഗമനം പോലെ ഉള്ളം കയ്യിലാരംഭിച്ചു് കൈത്തണ്ടുകളിൽ കൂടി ശിരസ്സിലേയ്ക്കുഗമിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ബ്രഹ്മസാക്ഷത്കാരമനനം ചെയ്തുകൊണ്ടുതന്നെ കിടന്നു. താമസമെന്യേ കൈകളുടെ അവസ്ഥ കാലുകളിലും കണ്ടുതുടങ്ങി. അല്പസമയത്തിനുള്ളിൽ കാലുകൾ രണ്ടും നിശ്ചലമായി. മനസ്സുകൊണ്ടാജ്ഞാപിച്ചാലും അതുകൾ അനുസരിയ്ക്കുമോ എന്ന സന്ദേഹാവസ്ഥയിൽ ജീവൻ വിട്ടതുപോലെകിടക്കുന്നുണ്ടു്. കാലിൽനിന്നും എന്തോ പ്രാണസമാനം മേലോട്ടു കുറെ നേരം ഗമിച്ചുകൊണ്ടിരുന്നു. ഞാൻ മനനത്തെ പൂർവ്വാധികം ശക്തിപ്പെടുത്തി. അപ്പോഴെല്ലാം പ്രേതസമാനമായ കൈകാലുകളെ മനനം കൊണ്ടു കാണാമായിരുന്നു.

സമാധിയിലേക്കാണ ഞാൻ പോകുന്നതെങ്കിൽ ശരീര ബോധം മനസ്സിൽനിന്നും നിശ്ശേഷം വിടാത്തതെന്തു് എന്നു കരുതി ഞാൻ ബ്രഹ്മത്തിൻെറ അഖണ്ഡാകാര രൂപവും വ്യക്തമാക്കുന്നുണ്ടു്.

ഇതിനകം ഗ്യാസ്സുപ്രിപ്പയർചെയ്യുന്ന സിലണ്ടറുകളിലെ വെള്ളത്തിനകത്തുനിന്നും കുടു കുടാഎന്നു ഗ്യാസുണ്ടായി മേൽഭാഗത്തടിയുന്ന പോലെ അടിവയററിൽ നിന്നു, വയററിൽനിന്നും മുതുകിൽനിന്നും പ്രാണൻ മുകളിലേയ്ക്കു ഗമിക്കുവാൻ തുടങ്ങി. അല്പസമയത്തിനുള്ളിൽ ശരീരം. കഴുത്തോളം അസ്തപ്രജ്ഞമെന്നെനിക്കു തോന്നി ഈ അവസ്ഥയിൽ വളരെ നേരം കിടന്നു. അഖണ്ഡാകാരത്തെ തന്േറതായും അസ്തപ്രജ്ഞ ശരീരത്തെ അന്യൻ കാണും പ്രകാരവും കണ്ടുകൊണ്ടിരുന്നു. ഇതു ശിരസ്സിൽകൂടി ബാധിച്ചാൽ ഏതെങ്കിലും സമാധി അവസ്ഥയുമായിരിക്കുമോ എന്നും ചിന്തിക്കുന്നുണ്ടായിരുന്നു. ഈ അവസരത്തിൽ പരിപൂർണ്ണ പ്രജ്ഞാവാനായും, ധ്വനിയും സ്ഫുരണവും ഉജ്ജ്വലമായി ശിരസറിഞ്ഞുകൊണ്ടിരുന്നു. ഒരു ചെറിയ വിസ്മൃതി നേരിയ രീതിയിൽ ബാധിച്ചു. ഉടൻ തന്നെ മാറി.

കുറെ കഴിഞ്ഞപ്പോൾ കാലിൻെറ അവസ്ഥയ്ക്കു് ഒരു മാററം തോന്നി. ഞാൻ കൈകാലുകൾ ഇളക്കി. അനക്കം തീരെയില്ലായിരുന്നു. ആഹാരമാററമെന്നു ഞാൻ കരുതി. മുന്നവസ്ഥ തുടർന്നും മാഞ്ഞും നിലകൊണ്ടിരുന്നു. ഈ സംഭവ സമയത്തു് ശ്വാസോഛ്വാസം സാവധാനം നടക്കുന്നുണ്ടായിരുന്നു.

*R. Sreedharan Nair*

## കുറിപ്പ്

പുതുപ്പള്ളി
22 June '55

ഓം
ശ്രീ ഗുരുവേ നമ:

ശ്രീരാമഗീത ഒരാവൎത്തി ശ്രദ്ധയോടെ വായിച്ചു. അത്യന്തമുത്തേജകവും സംശയ ഛേദകവുമായി ഭവിച്ചു. ഇതിനു ശേഷം വളരെ തൃപ്തിയുണ്ടായിട്ടുണ്ടു്. പാരായണം മുറയ്ക്കു നടക്കുകയും അല്പാല്പം ധ്യാനം അതോടുകൂടി ചെയ്യുകയുംചെയ്യുന്നു. ധ്യാനത്തിൽ അഖണ്ഡാകാരരൂപം തടസമില്ലാതെ സാധാരണയായിട്ടനുഭവപ്പെടുന്നു. ശരീര സ്മൃതിവളരെ കുറയുകയും കൈയെങ്ങനെ ഇരിയ്ക്കുന്നുവെന്നോ പുസ്തകമോ മറെറാ മടിയിലിരുന്നാൽ അതെപ്രകാരമിരിക്കുന്നുണ്ടെന്നോ അറിയുന്നില്ല. ശിരസ്സപ്പോഴും ആകാശമായി തന്നെ മാറുകയാണെന്നു തോന്നുന്നു. അറിയാതെ തന്നെ വായല്പം തുറന്നു പോകുന്നു. എന്നാലും ഈ വിവരം ചിലപ്പോഴം അറിയുന്നുണ്ടു്. ഈ അവസരത്തിലും വായിലുള്ള വായു നിശ്ചലമായി നില്ക്കുന്നു. ശ്വാസോഛ്വാസം വളരെ മന്ദഗതിയിൽ നടക്കുന്നുണ്ടു്. ചിലപ്പോഴം അടിവയർ തനിയെ ഒട്ടുന്നുണ്ടു്. ശിരസ്സിലും മററവയവങ്ങളിലും ശക്തിയായ സ്ഫുരണങ്ങളുണ്ടാകുന്നു. ധ്വനിയിൽഫൂൽക്കാരം സാധാരണമാണു് ധ്യാന സമയമല്ലാത്തപ്പോഴും ദേഹ വിസ്മൃതി അല്പാല്പം ഉണ്ടാകുന്നുണ്ടു്. മനനം ശരിക്കു ചെയ്യുന്നുണ്ടു്. ഇപ്പോഴം ശിരസ്സിലുള്ള ഒരു പ്രത്യേകതരം മരവിപ്പ് നെഞ്ചിലും കഴുത്തിലുമനുഭവപ്പെടുന്നുണ്ടു്. ലോകം ജീവനെന്നും ജഡമെന്നും രണ്ടായി തോന്നാറുണ്ടു്. ജഡം നശ്വരവും ജീവൻ അനശ്വരവും. ശാസ്ത്രയുക്തികളെകൊണ്ടു് ജീവൻ തന്നെ ബോധമെന്നും ജഡമെന്നും രണ്ടായി തോന്നുകയാണെന്നും ജീവനല്ലാതെ മറെറാന്നുമില്ലെന്നും തീൎച്ചയാക്കി. ആത്മ ബോധമെന്നും തെളിവായി. അഖണ്ഡാകാര രൂപത്തിൽ പദാൎത്ഥബോധം വിടാത്ത അജ്ഞാനിയായ ദ്രഷ്ടാവായിട്ടാണു് ജീവൻ

നിലകൊള്ളുന്നതു്. അജ്ഞാനം അഥവാ പദാൎത്ഥബോധം ജീവനിലെപ്പോഴുമവശേഷിയ്ക്കുന്നു. അതുമാററിബോധസ്വരൂപത്തെ പ്രാപിക്കലാണു് ആത്മസാക്ഷാത്കാരം. അതു കൊണ്ടു് എന്നെ മറെറാന്നും തൃപ്തനാക്കുന്നില്ല.

ഒരിക്കൽ— ഏഴെട്ടുവൎഷം മുമ്പു്—ആഹാരവും വെള്ളവുംകുടിക്കാതെ പത്തിരുപത്തിമൂന്നുമൈൽ ഞാൻ നടക്കേണ്ടിവന്നു. തലേന്നു് ഉച്ചഭക്ഷണമല്ലാതെ ആഹാരമുണ്ടായിരുന്നില്ല. വെയിലുകലശലായിരുന്നു. ഏതായാലും മുക്കാലേ അരയ്ക്കാൽ ഭാഗവും നടന്നുകഴിഞ്ഞപ്പോൾ ഞാനത്യന്തം ക്ഷീണിതനായി കണ്ണും തലയും ചുററാൻതുടങ്ങി. ആദ്യം നേത്രേന്ദ്രിയം പ്രവൎത്തിവിട്ടു. വളരെ നേരിയതോതിൽ മാത്രം ശബ്ദം അനുഭവപ്പെടുന്നുണ്ടു്. വഴികാണാൻ വയ്യാ. ബസ്സോ മറേറാ ഉരുണ്ടുകേറിയെങ്കിലോ എന്നുകരുതി ഒരുകിലേയ്ക്കു മാറി. എൻെറ ശരീരബോധം മുഴുവൻ വിട്ടു. കയ്യെങ്ങിനെ കാലെങ്ങിനെ ശിരസ്സെങ്ങനെ എന്നൊന്നും ഞാനറിയുന്നില്ലാ. ശബ്ദം കേൾക്കാമായിരുന്നോ എന്നും ഞാനറിഞ്ഞില്ല. എങ്കിലും ഒരുബോധമവശേഷിച്ചിരുന്നു. ഞാൻ റോഡിലാണു്, അവശനാണു്, ഇന്ദ്രിയങ്ങൾ യാത്രപറഞ്ഞു കഴിഞ്ഞിരിയ്ക്കുന്നു. ഏതാലും ഇവിടെ ഇരുന്നുപോട്ടേ എന്നു ചിന്തിച്ചു് കുടനിലത്തിട്ടു് ഇരിയ്ക്കു എന്നു തോന്നിക്കയും അപ്രകാരം ചെയ്യുകയും ചെയ്തു. അപ്പോൾ വീണ്ടും പലതുമോൎത്തു. വെള്ളമില്ലെങ്കിൽ മുഖ്യപ്രാണൻയാത്ര പറയുമെന്നും അതോടെ ഇന്ദ്രിയങ്ങളും മററുപ്രാണനും—റാണിഈച്ച പോകുമ്പോൾ മററു് ഈച്ചകളും കൂടുവിടുംപോലെ—കൂടുവിടുമെന്നും മററുമുള്ള ശാസ്ത്രയുക്തികൾ ആകമാനം സ്മരണയിലെത്തി.

എന്നാൽ ഇവയൊക്കെ ചിന്തിയ്ക്കുന്ന ഞാൻ എവിടെയാണിപ്പോൾ നിലകൊള്ളുന്നതു്. ശരീരത്തിനുവെളിയിലായി ഞാൻ നിലകൊള്ളുന്നു എന്നാണെൻെറ ബോധം. അഞ്ചാറുമിനിററിനകം ഞാൻ വീണ്ടും 'നമുക്കെഴുനേൽക്കാം, ക്ഷീണം തീൎന്നുകാണും. കണ്ണുകാണാമായി

രിക്കും എന്നെല്ലാം വിചാരിക്കുകയും അടുത്തകടയിൽ നിന്നും അമൃതം, അമൃതോപമമായ വെള്ളം വാങ്ങിത്തരാം എന്ന പ്രതിജ്ഞയോടെ എഴുന്നേററു കണ്ണുതുറന്നു. കാണാൻ കഴിയുമെന്നു കണ്ടു. ക്ഷീണം കുറഞ്ഞിരുന്നു വെളിക്കു കടന്നിരുന്ന ഇന്ദ്രിയസംഘാതങ്ങൾ അകത്തായി കണ്ടു. ഞാൻ യാത്രതുടർന്നു. പറഞ്ഞതുപോലെ വെള്ളം കൊടുത്തു. അതു കഴിച്ചു ക്ഷീണം മാററി. ഇവിടേയും ദേഹസ്മരണ വിട്ടചിന്താശക്തി അവശേഷിച്ചു. അപ്പോൾ ചെയ്ത ചിന്ത ബോധമാത്രകയാണോ ബോധസ്വരൂപമാത്രകയാണോ ഇത്യാദി കാര്യങ്ങൾകൂടുതൽ അറിഞ്ഞു കൂടുതൽ പ്രയത്നിക്കാനാഗ്രഹിച്ചു.

പുതുപ്പള്ളി
9—7—'59

ഓം

## ശ്രീ ഗുരവേനമഃ

കുറെ ദിവസങ്ങളായി വീട്ടുകാര്യങ്ങളിലും നാട്ടുകാര്യങ്ങളിലും ശ്രദ്ധിക്കുന്നവനായി ആത്മകാര്യങ്ങളിൽ ശ്രദ്ധകുറഞ്ഞു വരികയായിരുന്നു. അങ്ങനെ ഇരിക്കെ ഒരു ദിവസം രാത്രി മൂന്നുമണിയോടുകൂടി ഫൂൽക്കാര നാദം ശക്തിയായി. ഹൃദയത്തിൽനിന്നു ശരീരത്തിലേയ്ക്കും ശരീരത്തിൽനിന്നു വെളിക്കു നാനാഭാഗത്തേയ്ക്കും നാനാഭാഗത്തു നിന്നും നാനാഭാഗത്തേയ്ക്കും അത്യന്തം ശക്തിയോടെ കറൻറിൻെറ രീതിയിൽ അഖണ്ഡാകാശം നിറഞ്ഞു. ദേഹം വിസ്മൃതിയിലാണ്ടു ഞാൻ കിടന്നിരുന്നു. ശബ്ദമടങ്ങി. അഖണ്ഡാകാശം ചൈതന്യാകാശമായി. ആനന്ദം വീശിനിറഞ്ഞു. ഇങ്ങനെ കുറെസമയം കിടന്നു. വീണ്ടും ശബ്ദമുയർന്നു. ശരീരബിന്ദു സ്ഥാനത്തെത്തി നിവർത്തിക്കപ്പെട്ടെങ്കിലും ഇതിനിയുമാവർത്തിക്കുമെന്ന് എനിക്കുതോന്നിക്കൊണ്ടിരിക്കവെ വീണ്ടും തുടങ്ങുകയും കുറെ നേരം നിന്നശേഷം നിവർത്തിക്കപ്പെടുകയും ചെയ്തു. ആ ആനന്ദസ്ഫുരണം രാത്രിമാത്രമല്ല പിറേറ

ദിവസം പകൽ മുഴുവനും നിലനിന്നിരുന്ന മറ്റു വിശേഷ മൊന്നുമില്ല.

എന്നു്,

*R Sreedharan Nair*

പുതുപ്പള്ളി
12–1–'58

ഓം

## ശ്രീ ഗുരവേ നമ:

മുമ്പുവായിച്ചിട്ടുള്ള പുസ്തകങ്ങൾ വീണ്ടും വീണ്ടും വായി ക്കുകയാണു്. മുമ്പ് അപ്രത്യക്ഷങ്ങളായി കിടന്ന ചില തു് വ്യക്തമാകുന്നു. അതുകൊണ്ടാണു് അതുപോലെ ചെ യ്യുന്നതു്. അങ്ങുതരുന്ന വിവരങ്ങളും ശാസ്ത്രവുമനുഭവവും ഒന്നായികാണുകയാണു് അത്യാവശ്യമായിതോന്നുന്നതു്. പലപ്പോഴും തോന്നിയിരുന്ന വിഷമങ്ങൾ അതിവേഗം മാറുകയും സന്തോഷമേറുകയും ചെയ്യുവരുന്നു. അന്യഭാവ ത്തിൽ അഥവാ 'ഓബ്ജക്റ്റീവ്' രൂപത്തിൽഅഥവാ ദ്രഷ്ടാവിനു ദൃശ്യമെന്നരൂപത്തിൽ കാണാറുള്ള അഖണ്ഡാ കാരത്തിനു് ഒരു മിന്നൽ പോലെ ഇതുതന്നെ ഞാനെന്ന അനുഭവം വരുകയും ഉടൻതന്നെ പോകയും ചെയ്യു വരു ന്നു. പ്രകാശം പല പ്രകാരത്തിൽ കാണുന്നുണ്ടു്.

എന്നു്,

*R Sreedharan Nair*

പുതുപ്പള്ളി
17 മേടം 30

ഓം

## ശ്രീ ഗുരവേ നമ:

അങ്ങു പറഞ്ഞതായ ഭക്തവിജയവും രാമഗീതയും വാങ്ങി വായിച്ചുവരുകയാണ്. രണ്ടും എന്നെ അത്യന്തം സന്തോഷിപ്പിക്കുന്ന ഗ്രന്ഥങ്ങളായാണനുഭവപ്പെട്ടതു്. മററു പാരായണങ്ങൾ കഴിഞ്ഞു് മേൽപ്പറഞ്ഞ ഗ്രന്ഥങ്ങൾ വായിക്കുകയും മനോവൃത്തിയെ അതനുസരിച്ച വ്യാപരിപ്പിക്കുകയും ചെയ്തുവരുന്നു. കൂടുതൽ സമയമിരിക്കുമ്പോൾ ഭുജസന്ധിക്കുതാഴെ ഒരു വേദന അനുഭവപ്പെട്ടുവന്നു. അതു ഞെളിഞ്ഞും പിരിഞ്ഞും സഹിച്ചുവരികയാണ്. ഒരു ദിവസം പാരായണത്തിനിടക്കു് ധ്യാനത്തിലിരിക്കെ കുറെ നേരമായി എന്റെ മുതുകിൽ വെയിൽ തട്ടിചുടുന്നതു പോലെ തോന്നുകയും എണീററുമാറിയിരിക്കാമെന്നു കരുതി കണ്ണുതുറന്നു തിരിഞ്ഞു നോക്കിയപ്പോൾ ഒരു വെയിലും തട്ടാത്തഒരുസ്ഥലത്താണിരിക്കുന്നതെന്നുമനസ്സിലായി വീണ്ടും പഴയപോലെതുടർന്നു. അപ്പോൾ പെട്ടെന്നൊന്നു ഞെട്ടി നൃരുകയും ആ മുറിമുഴവൻ ഒരു ദീപപ്രഭ വിലസുന്നതായി കാണുകയും, അഖണ്ഡബ്രഹ്മമല്ലല്ലോ മുറിയിൽ സങ്കുചിത പ്രഭയാണെല്ലോ എന്നൊരു നേരിയ വിചാരം കടന്നു കൂടുകയുംസ്വല്പനേരത്തിനുള്ളിൽ അതുമങ്ങുകയും ഒരാകാശ പ്രതീതി തോന്നുകയും എന്നാൽ ഒരു നിഴൽ പോലെ ആടിക്കൊണ്ടിരിക്കുന്നതായി അനുഭവപ്പെടുകയും ചെയ്തു.

രോമാഞ്ചം, ശിരസിലെകമ്പനങ്ങൾ, ശബ്ദധ്വനികൾ ഇവ മാറിയും ഒന്നിച്ചും പലവിധത്തിൽ എപ്പോഴും ഉണ്ടെന്നു വേണം പറയാൻ.

ഒരു ദിവസം ഇരിക്കുന്ന അവസരത്തിൽ ചന്തിക്കുഭോരം തോന്നാതെ വരികയും ചെറുസുഖമനുഭവപ്പെടുകയും ചെയ്തു. പിന്നീടുകിടന്നപ്പോഴുംഅതേരീതിമുതുകിനും തോന്നി. പരിശോധിച്ചതിൽ സ്പർശനശക്തി പിൻവാങ്ങിയതാണെന്നു മനസ്സിലായി. അന്നും സാധാരണ രീതിയിൽ കവിഞ്ഞു ദേഹവിസ്മൃതി നിലനിന്നിരുന്നു. മുമ്പുകുളി കഴിഞ്ഞു വരുമ്പോഴും തോന്നിയിരുന്ന തലകറക്കത്തിന്റെ രീതിയിപ്പോഴും പലപ്പോഴും നേരിടുന്നുണ്ടു്. മനനം പാരായണം ഇവ പതിവായിനടത്തുന്നുണ്ടു്.

എന്നു്

*R Sreedharan Nair*

പുതുപ്പള്ളി
27-9-'33

ഓം

## ശ്രീഗുരവേ നമഃ

ഓണം കഴിഞ്ഞു സ്വസ്ഥമായിരിയ്ക്കുവാൻ കഴിഞ്ഞില്ല. ജോലികുറഞ്ഞു. ഞാൻ വീണ്ടും ശ്രദ്ധിക്കാൻ തുടങ്ങി. മുമ്പുണ്ടായ അനുഭവങ്ങളുണ്ടു്. വിശേഷ വിധിയായിട്ടെനിക്കുതോന്നായ്കയാൽ അറിയിക്കാത്തതാണു്. കുറച്ചു ദിവസം മുമ്പു് നിദ്രകഴിഞ്ഞു ഞാൻ രണ്ടുമണിക്കുണർന്നു. നീണ്ടു നിവർന്ന ശരീരമൊതുക്കിയും ശവം പോലെ കിടക്കുകയായിരുന്നു. ശരീര പ്രജ്ഞ കുറഞ്ഞിരുന്നു. ഇങ്ങനെയിരിക്കെ ഏതോ ഒരു ശക്തിമാത്രം എന്നിൽ ചലിക്കാൻ തുടങ്ങി. ശിരസ്സിൽ നിന്നും ഒരു മണിപോലെ ഏതോ ഒന്നു് ഒരു വ്യക്തമായ മാർഗ്ഗത്തിൽ കൂടി ഇളികെട്ടിനെ പ്രാപിക്കുകയും ഇതുകാലുരണ്ടിന്റേയും മദ്ധ്യത്തു കൂടിനെടു.................................................

(ബാക്കിഭാഗം നഷ്ടപെട്ടുപോയി)

## ആദ്യയാത്ര

ഓം

### ശ്രീ ഗുരവേ നമ:

അന്നു ഞാനവിടെ നിന്നും തിരിച്ചു് പൂന്തുറ വന്നു സ്വാമികളിരിക്കുന്നസ്ഥലം അന്വേഷിച്ചതിൽ ഒരു ബാലൻ വളരെ ഉന്മേഷവാനായി വിളിച്ചുകൊണ്ടുപോയി എനിക്കുകാട്ടിതന്നു. ശ്മശാനത്തിൽ സഞ്ചരിക്കുന്നു പരമശിവനെ കാണുന്ന പ്രതീതിയോടെ ഞാൻ ആ ദേഹത്തോടുകൂടിയ വിദേഹനെകണ്ടു. ഞാൻ നില്ക്കുന്നവഴിക്കു വരുന്നു ചിലർ പറഞ്ഞതനുസരിച്ചു് ഞാനാദിവ്യൻെറ ചലനം വീക്ഷിച്ചുകൊണ്ടു് അവിടെതന്നെനിന്നു. സാവധാനം ചുററിക്കറങ്ങികൊണ്ടു്, എന്തിനെന്നില്ലാതെ ചുററിക്കറങ്ങി, ഉദ്ദേശമില്ലാത്ത സഞ്ചാരത്തോടെ സർവ്വത്ര നിറഞ്ഞ ബ്രഹ്മത്തിൽ സാക്ഷാൽ പരമേശ്വരശക്തി തന്നെ നിയന്ത്രിച്ചുകൊണ്ടു നടക്കുന്ന ആ ദിവ്യ ശരീരത്തെ വീണ്ടും വീണ്ടും ഞാൻ നോക്കിനിന്നുപോയി. താമസംവിനാ അദ്ദേഹം ഞാൻ നിന്നിരുന്ന സ്ഥലത്തിനടുത്തു് ഒരു ചെറിയ അമ്പലത്തിൻെറ മുൻവശത്തവിടെ ഇരുന്നു. തൻെറ തൻെറ തുടയിൽ ചൊറിയുവാനെന്നവണ്ണം അതി വേഗത്തിൽ ചലിപ്പിക്കുകയും ചെയ്തിരുന്നു. പലരും പലതും അദ്ദേഹത്തിൻെറടുത്തുകൊണ്ടുവെക്കുകയും നമസ്കരിക്കുകയും ചെയ്തു. കുറച്ചു സമയം കഴിഞ്ഞു് അതിലൊരു വെററിലയെടുത്തു വായിലിട്ടു നടന്നു നിന്നു. കുറെ നേരം കൂടി അദ്ദേഹത്തെ ശ്രദ്ധിച്ചതിനുശേഷമാണു് ഞാൻ പോന്നതു്.

നടന്നുകൊണ്ടിരിക്കുന്ന കൂട്ടത്തിൽ നിന്നുപോകുന്നതും ഉദ്ദേശരഹിതമായി ആകാശത്തുനോക്കുന്ന നിലപാടുംഎന്നെ അത്യന്തം ആകർഷിച്ചു. വീണ്ടും കാണാമെന്നു കരുതി അടുത്ത ബസിൽ മടങ്ങിപോന്നു.

പലവിധ ജോലികളും ചൂടിന്റെ ശല്ല്യങ്ങളും ഉണ്ടെങ്കിലും മുന്നേറാൻ ഞാൻ ശ്രമം നടത്തുകതന്നെ ചെയ്തു. എന്നാൽ മാനസീകവും ശാരീരികവുമായ തടസ്സങ്ങളും എന്നെ വളരെ ഏറെ തടസ്സപ്പെടുത്തുന്നു. ക്രമാതീതമായ ക്ഷീണം തോന്നുക; ഏതുവായിക്കുമ്പോഴും അതുപോരായെന്നും മുൻപുവായിച്ചതെന്നും തോന്നിപിൻവാങ്ങുക, മനനത്തിൽവിരസത, ഇതിലൊക്കെ വിഷമമേറിയതു്, ഞാൻ പുരോഗമിക്കുന്നുണ്ടോ എന്നറിയുവാനുള്ള മാർഗ്ഗങ്ങൾ വിരളമെന്നതു് ഇങ്ങനെ പല വിഷമങ്ങൾ നേരിടുന്നു. ഇതിനെല്ലാം പ്രതിവിധി എന്നോണം ഗുരുവന്ദനാദികൾ ചെയ്തും കുട്ടികൾക്ക ബലാൽ മരുന്നു കൊടുക്കുംപൊലെ ബലാൽ വായിച്ചും, മനനം ചെയ്തും തൃപ്തിയടയുന്നു. ശരീരധാരണ വളരെ കുറഞ്ഞു വരുന്നുണ്ടു്. ശരീരം തോന്നിപ്പിക്കുന്ന സ്ഫുരണങ്ങൾ കൂടുതലുണ്ടായിരുന്നു പുറകുവശം താഴെ ഭാഗം ചൂടുകൊണ്ടു നിറഞ്ഞതായി തോന്നുകയും മററു ഭാഗങ്ങളെപ്പോലെ ആ ഭാഗത്തേയും സ്മരണ വിട്ടുമാറുകയും ചെയ്തുവരുന്നു. ഇപ്പോഴും മനസ്സുവശേഷിക്കുന്നുണ്ടു്

ഒരു ദിവസം രാത്രി തന്റെ ശരീര മദ്ധ്യത്തിൽ നെടുനീളം ഒരു പ്രഭ ഉജ്ജ്വലിക്കുകയും അപ്പോൾ ജീവനിൽ ഇപ്പോൾ നിലകൊണ്ടുവരുന്ന അഹംഭാവം പകർന്നു് സാത്വികമാകാൻ തുടങ്ങുന്നപോലെ ചില വ്യക്തമാക്കാൻ വയ്യാത്തതോന്നലുകൾ ഉണ്ടായി. എന്നാൽ അപ്പോഴും മനസ്സുവശേഷിച്ചിരുന്നതിനാൽ ഞാൻ വിജയിച്ചതായി കരുതിയില്ല. ചില അവസരത്തിൽ ഹൂൽക്കാരം ക്രമാതീതമായി വദ്ധിക്കുകയും ശരീരത്തിന്റെ മററു ഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്നതായു മറിയുന്നുണ്ടു്.

എന്നു്,

*R Sreedharan Nair*

ഓം

ശ്രീഗുരുവേ നമ:

## ഉപനിഷത് ശ്രീധരപ്രകാരം

ഉപനിഷത് ഉപദേശപ്രകാരം പഠിയ്ക്കുവാൻ മഹാവാക്യങ്ങറം എപ്പോഴും മനസ്സിലിരിക്കണം. ഏതെങ്കിലും മഹാവാക്യത്തെ വിവരിക്കുന്നവയോ അതിലേയ്ക്കു് ആത്മവാനെ കടത്തിവിടുന്നവയോ ആയിരിക്കും എല്ലാ ഉപനിഷത്തും.

പ്രക്ഷിപ്തങ്ങളാലും ചില ഭാഗങ്ങറം വിട്ടുകളക കൊണ്ടും, അനുഭവ സമ്പത്തിക്കുറവുകൊണ്ടും, നശിപ്പിക്കലുകൊണ്ടും മററുമനവധി പോരായ്മകറം ഉപനിഷത് വേദിയിൽ വന്നുകൂടിയിട്ടുണ്ടു്. ഇവയെ എല്ലാം സാധകർ തിരിച്ചറിയണം.

ഉപനിഷത്തുകറം ആയിരത്തിലേറെ ഉള്ളതുകൊണ്ടു് അറിയപ്പെട്ട നൂററി എട്ടിനു പുറമേ കണ്ടു കിട്ടിയതെന്ന വ്യാജേന അല്ലോപനിഷത്തു മുതലായ വ്യാജോപനിഷത്തുകറം പുറത്തിറക്കിയിട്ടുണ്ടു്.

വേദ വേദാന്തങ്ങറം അപൗരുഷേയങ്ങളാണു്. അതു് ധനം മോഹിച്ചോ, കീർത്തിക്കോ, ആരുടെയെങ്കിലും പ്രീതിക്കോ പറഞ്ഞു പടച്ചതല്ല. എഴുതിക്കൂട്ടിയതുമല്ലല്ലോ.
ആത്മസാക്ഷാത്കാരം അതായതു് ബ്രഹ്മസാക്ഷാത്കാരം അഥവാ ആത്മബ്രഹ്മൈക്യം മുൻനിറുത്തിയാണു് ഇവ പറയപ്പെട്ടതു്.

ലൗകിക ഉദ്ദേശം അവശേഷിച്ചിട്ടുള്ള മനുഷ്യകൃത അഥവാ മന:കൃത പാഠങ്ങറം ആ ലൗകീക ഉദ്ദേശങ്ങറം കൂടി നിഴലിപ്പിയ്ക്കുകയും, ബോധമണ്ഡലം കലുഷീകൃത

മാക്കുകയും, ചൈതന്യം ചൈതന്യം ബിംബിക്കാതെ വരുകയും ചെയ്യും. അതിനാൽ അവ ത്യാജ്യങ്ങളാണ്. കാഞ്ഞിരം നട്ട് ആരും മാമ്പഴം പറിക്കില്ല. ചേമ്പുകിട്ടും. വിഷം കഴിച്ചാൽ അമൃതത്വം അസാദ്ധ്യമാകും. അപ്പോലെ മനോമാലിന്യം കലർന്ന ബോധം നിത്യബോധാമൃതം ചുരത്തുകയില്ല. അതിനാൽ വേദാന്തിക്കതുപേക്ഷ്യമാണ്.

അതുപോലെ തന്നെ ഗുരുക്കന്മാരില്ലാതിരിക്കലും ഭ്രഷ്ടാണ്. അതും ഞാൻ മനസ്സിലാക്കിത്തരാം. അഭിമാനം, അറിവുണ്ടെന്നഭാവം, മനസ്സിൽക്കൂടെ അല്ലാതെ അറിവുണ്ടെന്നറിയായ്ക, അതായത് ആത്മാനമാത്മനാ കണ്ടു തെളിയുക' എന്ന വചസ്സിൽ പറയുന്ന അനുഭവം കിട്ടായ്ക, ഇവകാം മായാ പിറവികളാണ്. ഇതിനു പരിഹാരം ഗുരുവല്ലാതെ മറെറാന്നുകൊണ്ടും സാദ്ധ്യമല്ല. ഗുരുമനസ്സിനപ്പുറം കടന്ന ആളാകകൊണ്ടു് അദ്ദേഹത്തിനു് അദ്ദേഹം അനുഭവിച്ചതു് വിവരിക്കാം അല്ലാത്തവക്കാവില്ല. ഗുരുനിർദ്ദേശമനുഭവമാണ്. മനോചിന്തനമല്ല. അതിൽ മാനസിക ഭ്രാന്തിയില്ല. അങ്ങനെ കലർപ്പില്ലാതെ കിട്ടുന്ന ശുദ്ധജ്ഞാനത്തിലേ ബോധാമൃതരസമുള്ളൂ. ഇതെല്ലാമറിഞ്ഞു് വൃഥാ വാചക മുക്തിസ്ഥാനത്തെ തഴഞ്ഞു് മുക്തിസ്ഥാനമോ മുക്ത്യതീതസ്ഥാനമോ ആയി നിലകൊള്ളണം. തൻെറ ആത്മാവിനെ തിരയുംപോലെ ഗുരുവിനെ അന്വേഷിച്ചുകണ്ടെത്തണം.

ഇനിയും നമുക്കു സിദ്ധാന്തത്തിലേക്കു കടക്കാം.

''പ്രജ്ഞാനം ബ്രഹ്മ'', ''അഹംബ്രഹ്മാസ്മി'', ''തത്ത്വം അസി'', ''അയമാത്മാബ്രഹ്മ'' ഇവകളാണ്, വേദാന്തത്തിൻെറ കാതലായ ചിന്താവിഷയം. ഇതിനെ വേദാന്തവും മഹത്തുക്കളും കൈകാര്യം ചെയ്തിരിക്കുന്ന വിധത്തെ നമുക്കുപഠിക്കാം. അനുഭവത്തിലേക്കു മൂന്നാം ശ്രീശങ്കരഭഗവത്പാദരുടെ ''ശ്രീദക്ഷിണാമൂർത്തി സ്തോത്രം അനുഭവകഥനത്തിൻെറ ഒരു ഉത്തമോദാഹരണമാണ്.

''വിശ്വം ദർപ്പണ ദൃശ്യമാന നഗരീതുല്യം
നിജാന്തർഗതം
പശ്യന്നാത്മനിമായയാ ബഹിരിവോദ്
ഭൂതം യഥാനിദ്രയാ
യ സാക്ഷാത്കുരുതേ പ്രബോധ സമയേ
സ്വാത്മാനമേവാദ്വയം
തസ്മൈ ശ്രീഗുരുമൂർത്തയേ നമ ഇദം
ശ്രീദക്ഷിണാ മൂർത്തയേ''

അത്യന്തംഉന്നതിയിലുള്ള പത്തുശ്ലോകങ്ങളാണ് ശ്രീദക്ഷിണാമൂർത്തിസ്തോത്രം. അതിൽ ആദ്യത്തേതാണ് മുൻ പറഞ്ഞതു്.

ഇതു പഠിക്കുന്നതിനുവേണ്ടി നമുക്ക് വേദാന്തദർശനത്തിലേ, ബ്രഹ്മം, പരമാത്മാ, ആത്മാ, പ്രത്യഗാത്മാ, കർത്താ, ജീവൻ, ക്ഷേത്രജ്ഞൻ, സാക്ഷി, കൂടസ്ഥൻ, അന്തര്യാമി, മായ, ജ്ഞാനം, ആനന്ദം തുടങ്ങിയ ചില പദങ്ങളെ അറിഞ്ഞേ മതിയാവൂ.

''മഹദഹങ്കാര, പൃഥിവ്യപ്തേജോ' വായുരാകാശത്വേന, ബൃഹദ്രൂപേണാണ്ഡകോശേന, കർമ്മജ്ഞാനാർത്ഥരൂപതയാഭാ സമാന മദ്വിതീയം, അഖിലോപാധിവിനിർമുക്തം, തത്സകല ശക്ത്യുപബൃം ഹിതമനാദ്യന്തം, ശുദ്ധം, ശിവം, ശാന്തം, നിർഗുണമിത്യാദി വാച്യമനിർവാച്യം, ചൈതന്യം ബ്രഹ്മ''. ഇനി ബ്രഹ്മത്തെപ്പററിയുള്ള മറ്റൊരു വിവരണംകൂടി പരിശോധിക്കാം. ''സർവ്വോപാധിവിനിർമ്മുക്തം, നിർവ്വിശേഷചിന്മാത്രം സദദ്വൈതമാനന്ദമമായം ബ്രഹ്മം''

ഇവിടെ അമായം ബ്രഹ്മമെന്നതുകൊണ്ടു് മായയില്ലാത്തതാണ് ബ്രഹ്മമെന്നു വ്യക്തമാകുന്നുണ്ടു്. എന്നാൽ ചില ഉപനിഷത്തുകളിൽ ഇങ്ങനെയുള്ള ഭാഗങ്ങൾ വിട്ടിട്ടു് മററു ചിലതു പറഞ്ഞുകാണുന്നു. പക്ഷേ ഇതുതന്നെശരി

യും ശ്ലാഘ്യവുമെന്നത്രേണം കരുതുവാൻ. എന്തെന്നാൽ മായാവിവരണത്തിൽ 'അനാദിരന്തവതീ' എന്നു വിവരിച്ചിട്ടുണ്ട്. അന്തത്തോടുകൂടിയവ എന്നുവരുമ്പോൾ അന്തംനിലകൊള്ളുന്നു. എന്നും നിലകൊള്ളുന്ന ബ്രഹ്മത്തിൽ മായ ഇല്ലാതിരിക്ക സാദ്ധ്യമാണ്. മാത്രവുമല്ല ഉണ്മയുള്ളവളല്ല. ശൂന്യവുമല്ല. ഇങ്ങനെ പോകുന്ന വിവരണംകൊണ്ട് ബ്രഹ്മം മായാശൂന്യമെങ്കിലും മായ ബ്രഹ്മത്തെ ആസ്പദമാക്കിയേ നിലകൊള്ളൂ. മായയ്ക്ക് മററധിഷ്ഠാനമില്ല. ''അനാദിരന്തവതീ, പ്രമാണാ, അപ്രമാണാ, സാധാരണാ ന സതീ, നാസതീ, നസദസതീ, സ്വയമധികാ, വികാര രഹിതാ നിരൂപ്യമാണാ, സതീതരലക്ഷണാ,ശൂന്യസാമായേത്യുച്യതേ''. ഇത്രയും പറകകൊണ്ട് അടുത്തുപറയുന്ന പരമാത്മാ അഥവാ ആത്മാവ്യക്തമാക്കാനെളുപ്പമാണ്.

''സത്യജ്ഞാനമനന്തമാനന്ദംസവ്ശരീരോപാധിവിനിർമുക്തം കടകമകുടാദ്യുപാധിരഹിതം സുവർണ്ണഘനവദ്വിജ്ഞാനഘനചിന്മാത്ര സ്വഭാവമാത്മ ചൈതന്യം ബ്രഹ്മയദവഭാസതേതദവിദ്യോപാധികം ത്വം പദാർത്ഥ സ്സ പ്രത്യഗാത്മാ''

'സത്യജ്ഞാനമനന്തമാനന്ദംസർവ്വജ്ഞാത്വാദ്യുപേതം മായോപാധികം തൽ പദാർത്ഥപരമാത്മ''.മുൻപറഞ്ഞകാര്യങ്ങൾ ഈ വിവരണംകൊണ്ടും ഈ വിവരണംകൊണ്ട് മുൻപറഞ്ഞവയും പൂരണം ചെയ്യുന്നുണ്ട്. മായാരഹിതമായി നിലകൊള്ളുന്ന ഉപാധിരഹിത സത്യജ്ഞാനാനന്ദത്തെ ബ്രഹ്മമെന്നും അതേ സത്യജ്ഞാനാനന്ദം അവിദ്യോപാധികമായി നിലകൊള്ളുമ്പോൾ 'ത്വം' പദാർത്ഥമായ അതിനെ പ്രത്യഗാത്മാവെന്നും ആ സത്യജ്ഞാനാനന്ദം തന്നെ മായോപാധികമായി നിലകൊള്ളുമ്പോൾ പരമാത്മയെന്നും പറയപ്പെടുന്നു. ഇങ്ങനെ ഇവകളുടെ വ്യത്യാസത്തെ അറിയുക.

''ബ്രഹ്മൈവ സ്വശക്തി പ്രകൃത്യാഭിധേയത്വമാ ശ്രിത്യലോകാൻ സൃഷ്ട്വാ പ്രവിശ്യാന്തര്യാമിത്വേന ബ്രഹ്മാദീനാം ബുദ്ധീന്ദ്രിയ നിയന്തൃത്വാദീശ്വര:''

''ഈശ്വര ഏവബ്രഹ്മ വിഷ്ണ്വീശാദ്യനേന്ദ്രാദീനാം നാമരൂപദ്വാരാ സ്ഥൂലോഹമിത്യ ധ്യാസവശാജ്ജീവാ:

'ബ്രഹ്മണ സകാശാന്നാനാവിചിത്ര ജഗന്നിർമ്മാണസാമർത്ഥ്യക ബുദ്ധിരൂപ ബ്രഹ്മശക്തിരേവ പ്രകൃതി''

''ദേഹേന്ദ്രിയ നിഗ്രഹസൽഗുരുപാസന ശ്രവണമനനനിദിദ്ധ്യാസ നൈയ്യഭ്യേ ദൃഗ്ദൃശ്യസ്വരൂപം സവാന്തര സ്ഥംസർവ്വസമം ഘടപടാദി പദാർത്ഥമിവാ വികാരേഷു ചൈതന്യം വിനാകിഞ്ചിന്നാസ്തീത സാക്ഷാൽക്കാരാനുഭവജ്ഞാനം ജ്ഞാനം.

ഇത്രയും പറഞ്ഞു ശാസ്ത്രം അനുഭവജ്ഞാനത്തിലേക്കകടക്കുകയാണ്. ഇവിടെ ബ്രഹ്മം ഇങ്ങനെയാണ്, ആത്മ ഇപ്രകാരം എന്നെല്ലാം കാട്ടിയിട്ട് അനുഭവജ്ഞാനത്തിലേക്ക പ്രവേശിക്കുന്നു.

''നൈവം ഭവാമ്യഹം ദേഹോ നേന്ദ്രിയാണിദ ശൈവതുന ബുദ്ധിർമന ഈശശ്ചനാഹം കാരസ്തഥൈവച.'' ഞാൻ ഭവിച്ചുപോയതായ ദേഹമോ, ഇന്ദ്രിയങ്ങൾ പത്തോ ബുദ്ധിയോ മനസോ ഈശനോ അല്ലാ. ആയതുപോലെ അഹംകാരവുമല്ല തന്നെ.

'അപ്രാണോഹ്യമനാശ്ശുഭ്രോ ബുദ്ധ്യധീനാം ഹിസദാസാക്ഷ്യഹം സർവ്വദാനിത്യശ്ചിന്മാത്രാഹം സദാശിവ:'

ഞാൻ പ്രാണനല്ലാത്തവൻ, മനസ്സല്ലാത്തവൻ, ബുദ്ധ്യാദികൾക്കെപ്പോഴും സാക്ഷിയായി പ്രകാശിക്കുന്നവൻ, സർവ്വസമയവും നിത്യ ചിന്മാത്രനായി നിലകൊള്ളുന്ന നിത്യമംഗല്യവാനത്രേ ഞാൻ.

'നാഹം കർത്താ നൈവഭോക്താ പ്രകൃതേ സാക്ഷിരൂകാ. മത്സാന്നിദ്ധ്യാൽ പ്രവർത്തനേ ദേഹാദ്യാ അജഡാ ഇവ'

ഞാൻ കർത്താവല്ല, ഭോക്താവല്ല. പ്രകൃതിയുടെ സാക്ഷിരൂപകനായിനില്ക്കുന്നവനും തന്റെ സാന്നിദ്ധ്യത്താൽ മാത്രം ജഡവസ്തുക്കൾ പ്രവർത്തിക്കപ്പെടുകയും ചെയ്യുന്നു.

'സ്ഥാണുർന്നിത്യ സദാനന്ദശ്ശുദ്ധോജ്ഞാനമയോ മല
ആത്മാഹം സർവ്വഭൂതാനാം വിഭു സാക്ഷീന സംശയ'

സ്ഥിരതയോടുകൂടിയവനും, നിത്യനും, നിത്യനാന്ദനും ശുദ്ധനും, ജ്ഞാനമാത്രനും, മലമില്ലാത്തവനും സർവ്വഭൂതങ്ങൾക്കുമാത്മാവും, സർവ്വവ്യാപിയും, സർവ്വശക്തനുമായ പ്രഭുവും ആണു ഞാൻ എന്നതിനു് സാക്ഷിയുമാണു് അതിൽ സംശയമേ ഇല്ല.

'ബ്രഹ്മൈവാഹം സർവ്വവേദാന്ത വേദ്യം
നാഹം വേദ്യം വ്യോമവാതാദി രൂപം
രൂപം നാഹം നമനാഹം ന കർമ്മ
ബ്രഹ്മൈവാഹം സച്ചിദാനന്ദരൂപം'

ഞാൻ ബ്രഹ്മം തന്നെയാണു്. സർവ്വവേദാന്തങ്ങളാലും അറിയപ്പെടേണ്ടവൻ ഞാൻ തന്നെ. ഞാൻ അറിയപ്പെടുന്ന വ്യോമവാതാദിരൂപങ്ങളൊന്നുമല്ല. എനിക്കു് രൂപമില്ല നാമമില്ല കർമ്മവുമില്ല. ഞാൻ ബ്രഹ്മം മാത്രമാണു്. സച്ചിദാനന്ദരൂപി.

'നാഹം ദേഹോ ജന്മമൃത്യുകുതോമേ
നാഹം കാരക്ഷുൽ പിപാസകുതോമേ
നാഹം ചേതഃശോകമോഹകുതോമേ
നാഹം കർത്താ ബന്ധമോക്ഷകുതോമേ'

'ഇതിമുനീനദൃശ്യവാണ്യവാച
സത്യമിതിമുനീനദൃശ്യവാണ്യവാച
സത്യമിത്യുപനിഷത്.'

ഞാൻ ദേഹമല്ലാ. ജന്മമെവിടെ മരണമെവിടെ.

ഞാൻ അഹംങ്കാരമല്ലാ. വിശപ്പെവിടെ ദാഹമെവിടെ. ഞാൻ മനസല്ലാ. ശോകമെവിടെ മോഹമെവിടെ. ഞാൻകർത്താവല്ലാ. ബന്ധമെവിടെ മോക്ഷമെവിടെ. എന്നു മുനികൾക്ക് അദൃശ്യവാണി പറഞ്ഞു. സത്യമെന്നു മുനികൾക്കദൃശ്യവാണിപറഞ്ഞു. ഇതു സത്യമെന്നുപനിഷത്

ഇത്രയും കൊണ്ടു ശ്രുതിശാസ്ത്രത്തേയും അനുഭവത്തിനംഗീകരിക്കേണ്ട ശാസ്ത്രത്തേയും നിപുണമായി പ്രതിപാദിച്ചു. ഇതിനെ യുക്തിസഹജമാക്കി സ്ഥാനഭേദത്തിനുകളമൊരുക്കി തരുകയാണ് ശ്രീശങ്കരഭഗവത്പാദർ തൻെറ ഗംഭീരമായ ദക്ഷിണാമൂർത്തി സ്തവത്തിൽകൂടി നിർവ്വഹിച്ചതന്നിരിക്കുന്നതു്. ആകയാൽ അടുത്തതായി നമുക്കതിൻെറ പ്രതിപാദ്യതയിലേക്കു കടക്കാം. അദ്ദേഹം ബ്രഹ്മത്തെ അനുഭവത്തിൽ അറിയുന്ന വിധങ്ങളാണ് ഇതിലെ പ്രതിപാദ്യങ്ങൾ.

നഗരത്തിൻെറ ഒരു ഭാഗത്തുവച്ചിരിക്കുന്ന കണ്ണാടിയിൽ തെരുവു മുഴുവൻ മനോഹരമായി കാണുംപോലെ തൻെറ ഉള്ളിൽ മായകൊണ്ടു പ്രതിഫലിച്ചു കാണുന്നതാണ് ഈ പ്രപഞ്ചം മുഴുവനും. നിദ്രാവൃതനായ ഒരു മനുഷ്യൻ മായാ പരിഭ്രാന്തികൊണ്ടു് വെളിക്കായി ഒരു ഭൂതത്തെ കാണുന്നതു് നിദ്രകഴിഞ്ഞുണരുമ്പോൾ കണ്ടതെല്ലാം മിഥ്യാജന്യമായിരുന്നുവെന്നും അതില്ലാത്തതാണെന്നും ബോദ്ധ്യപ്പെടുംപോലെ, മനുഷ്യൻ അവൻെറ പ്രബോധസമയത്തിൽ, ബോധോദയമുണ്ടാകുമ്പോൾ, അദ്വയനായ താൻ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും, കണ്ടതെല്ലാം മായാഭ്രാന്തിയിലെ മിഥ്യാവസ്തുക്കളാണെന്നും ബോദ്ധ്യമാകും. അപ്രകാരം യാതൊരു ഗുരുമൂർത്തിയാണോ ഈ സ്വാത്മാനുഭവത്തെ അറിയിച്ചുകൊണ്ടു് നിലകൊള്ളുന്നതു് അപ്രകാരമുള്ള ദക്ഷിണാമൂർത്തിക്കായിക്കൊണ്ടു്നമസ്കാരം.

മുൻഉപാമാനത്തിൽ ഒരു നഗരി നിഴലിക്കാനും ഒരു കണ്ണാടി നിഴലിപ്പിക്കാനും നമുക്കു കിട്ടിയിരുന്നു. ഈ

നഗരിയെ കാണുവാനും ഒരാളു വേണ്ടിവന്നു. ആ ആളും നിഴലിച്ചെന്നുവരാം. എന്നാൽ ഇതുപോലെ നിഴലിക്കാൻ ഒരു വിശ്വവും നിഴലിപ്പിക്കുവാനെരന്തരംഗവും അതിനെ കാണുവാൻ ഒരു സാക്ഷിയുമുണ്ട്. ഈ അന്തരംഗം തന്നെയാണ് മായാബീജമായ അന്തഃക്കരണം. അതു് മായാഫലമാണ്. ഒരു കണ്ണാടിക്കു് അളവു പറയാൻ വയ്യാത്തത്ര ചെറിയ ഒരളവേ ഉള്ളെങ്കിലും അതിൻെറ ഉള്ളിലാണു് ഈ തെരുവു മുഴുവൻ കാണുന്നതു്. അതുപോലെ ഒരുതരത്തിലുമളക്കാൻ സാധിക്കാത്തവിധം ഉണ്ടെന്നും ഇല്ലെന്നും പറയാൻ മാത്രം വ്യാപ്തിയുള്ള മായയിലാണു് വിശ്വം നിഴലിക്കുന്നതു്. ഇവയെല്ലാം മനസ്സിലാക്കി മായയുടെ മിഥ്യാത്വവും അതിൻെറ സ്ഫുരണവിപുലതയും കണക്കിലെടുത്താണു്, ഇല്ലെന്നുപറയത്തക്ക സൂക്ഷ്മാന്തരീക്ഷം ഇല്ലാത്തതല്ലെന്നും സങ്കല്പമാത്രത്താൽ സ്ഫുരിക്കുകൊണ്ടു് സാധന നിലയില്ലായ്കയാൽ ഉള്ളതല്ലെന്നും വാചാമഗോചരത്തിൽപ്പെടുത്തി മിഥ്യയെന്നു വിവരിക്കപ്പെട്ടിരിക്കുന്നു.

ഒരുപമാനം കണ്ടെത്തിയതിനാലോ ഒരുദാഹരണം കണ്ടെടുത്തതുകൊണ്ടോ പോരാ എന്ന അഭിപ്രായത്തിലായിരിക്കാം അടുത്തസ്തോത്രം പല ഉദാഹരണങ്ങളാൽ അലംകൃതമാക്കിക്കാട്ടുന്നതു്.

ബീജസ്യാന്തരിവാങ്കുരോ ജഗദിദം
 പ്രാങ്ങ്നിർവ്വികല്പം പുനർ—
മായാ കല്പിതദേശകാല കലനാ
 വൈചിത്ര്യ ചിത്രീകൃതം
മായാവീവ വിജൃംഭയത്യപി മഹാ
 യോഗീവയഃ സ്വേച്ഛയാ
തസ്മൈ ശ്രീഗുരുമൂർത്തയേ നമഇദം
 ശ്രീദക്ഷിണാമൂർത്തയേ

കടുകിനേക്കാളു ചെറിയ ഒരാൽവിത്തിൽ അതിബൃഹത്തായ ആൽവൃക്ഷം നിലകൊള്ളുന്നതു മാതിരിയും,

നിവ്വികല്പനിലയിൽ നിലകൊള്ളുന്ന ആദിനാഥനിൽ വികല്പത്താൽ മായാ സൃഷ്ടിയായ ദേശം കാലം തുടങ്ങിയ വിചിത്രമായ ചിത്രങ്ങരം കാണുന്നതുപോലെയും, മായാജാലക്കാരനും മഹായോഗികളും മററും തന്റെ ഇച്ഛകൊണ്ടുമാത്രം വിജൃംഭിച്ച ആ അത്ഭുതങ്ങരം കാട്ടും പോലെയും കാണുന്നതു മാത്രമാണ് ഈ വിശ്വമെന്നു കാട്ടി വിരാജിക്കുന്ന ശ്രീഗുരുമൂത്തിയായ ദക്ഷിണാമൂത്തിക്കായികൊണ്ടു് നമസ്ക്കാരം.

യ സ്യൈവ സ്ഫുരണം സദാത്മകമസത്
കല്പാത്ഥകം ഭാസതേ
സാക്ഷാത്തത്വമസീതിവേദവചസായോ
ബോധയത്യാശ്രിതാൻ
യത്സാക്ഷാത് കരണാദ്ഭവേന്ന പുനരാ
വൃത്തിർഭവാംഭോനിധൗ
തസ്മൈ ശ്രീഗുരുമൂത്തയേ നമ ഇദം
ശ്രീദക്ഷിണാ മൂത്തയേ.

യാതൊരുവന്റെ ഉണ്മദ്യോതകമായ സ്ഫുരണമാണോ അസത്പദാത്ഥരൂപത്തിൽ മായാവിലാസമായ പ്രപഞ്ചത്തിനും ദ്യോതകമായി പ്രതിഭാസിക്കുന്നതു്, വേദവചസായ 'തത്വമസി' വചസ്സിനാൽ തന്റെ യഥാത്ഥബോധത്തെ ആശ്രയിച്ചുകിട്ടുന്നതായ യാതൊന്നിന്റെ—യാതൊരുവന്റെ—സാക്ഷാത്കാരത്താലാണോ പുനരാവൃത്തിയോടുകൂടിയ സംസാരസാഗരത്തിൽപ്പെടാതെ കഴിയാൻ സാദ്ധ്യമാകുന്നതു് അപ്രകാരമുള്ള ഗുരുമൂത്തിയായ ശ്രീ ദക്ഷിണാ മൂത്തിക്കായികൊണ്ടു് നമസ്കാരം.

നാനാഛിദ്രഘടോദരസ്ഥിതമഹാ—
ദീപപ്രഭാഭാസ്വരം
ജ്ഞാനം യസ്യതു ചക്ഷുരാദികരണ
ദ്വാരാബഹി:സ്പന്ദതേ
ജാനാമീതി തമേവ ഭാന്തമനുഭാ
ത്യേതത്സമസ്തം ജഗത്

തസ്മൈ ശ്രീ ഗുരുമൂർത്തയേ നമ ഇദം
ശ്രീ ദക്ഷിണാമൂർത്തയേ.

നാനാതരത്തിൽ ഉടവോടുകൂടിയ കുടത്തിൽ പ്രകാശമാനമായി നിലകൊള്ളുന്ന ദീപത്തിന്റെ പ്രഭ അതിന്റെ നാനാസുഷിരങ്ങളിൽ കൂടി വെളിക്കു പ്രവേശിച്ചിട്ട വെളിയിലുള്ള വസ്തുക്കളെ പ്രകാശിപ്പിക്കും പോലെയാണ്, ഉള്ളിൽആത്മാനാനിറവുററിരിക്കുന്ന ജ്ഞാനം, കണ്ണ് മൂക്ക് മുതയായ ദ്വാരങ്ങളിൽകൂടി വെളിക്കു പ്രവേശിച്ച് വെളിയിലുള്ള വസ്തുക്കളെ പ്രകാശിപ്പിക്കുന്നതു്.

അതിനെ ഞാനറിയുന്നു എന്ന സ്വാത്മാനുഭവ ബോധ ഉറവയിൽ നിന്നാണ് ഈ ജഗത് മുഴവൻ പ്രകാശിക്കപ്പെട്ടറിയപ്പെടുന്നതെന്നു വെളിപ്പെടുത്തിത്തന്ന് വിരാജിക്കുന്ന ഗുരുമൂർത്തിയായ ശ്രീദക്ഷിണാമൂർത്തിക്കായിട്ട നമസ്കാരം.

ദേഹം പ്രാണമപിന്ദ്രിയാണ്യപിചലാം
ബുദ്ധിംച ശൂന്യം വിദുഃ
സ്ത്രീബാലാന്ധജഡോപമസ്ത്വഹമിതി
ഭ്രാന്താഭൃശം വാദിനഃ
മായാശക്തി വിലാസ കല്പിത മഹാ—
വ്യാമോഹ സംഹാരിണേ
ത സ്മൈ ശ്രീഗുരുമൂർത്തയേ നമ ഇദം
ശ്രീദക്ഷിണാമൂർത്തയേ.

ദേഹം, പ്രാണൻ, ഇന്ദ്രിയങ്ങൾ, ബുദ്ധി, ശൂന്യം മുതലായതിലൊന്നാണ് താനായ ആത്മാവെന്നും, സ്ത്രീയാണ്, ബാലനാണ്, അന്ധനാണ്, ജഡോപമനാണ് താനെന്നും അതേ വിധഉപാധിയോടുകൂടിയവർ പറയും പോലെ ഉള്ളമായാശക്തി വിലാസത്താൽ കല്പിതമായ വ്യാമോഹത്തെ സംഹരിക്കുന്നവനായ ഗുരുമൂർത്തിയായ ശ്രീദക്ഷിണാമൂർത്തിക്കായിക്കൊണ്ടു് നമസ്കാരം.

രാഹുഗ്രസ്തദിവാകരേന്ദു സദൃശോ
മായാ സമാച്ഛാദനാത്
സന്മാത്രകരണോപ സംഹരണതോ
യോ / ഭൂത് സുഷുപ്തഃ പുമാൻ
പ്രാഗസ്വാപ്സമിതി പ്രബോധ സമയേ
യഃ പ്രത്യഭിജ്ഞായതേ
തസ്മൈ ശ്രീഗുരുമൂർത്തയേ നമ ഇദം
ശ്രീദക്ഷിണാമൂർത്തയേ.

ഈ ശ്ലോകം അത്യന്തം മനോഹരമായ ഒന്നാണ്. രാഹുവിൻെറ പിടിയിൽപെട്ട ആദിത്യന സമാനം മായാഗ്രസ്തമായ സന്മാത്രത്തെ ഞാനല്പമെടുത്തു വിവരിക്കാം. രാഹുവെന്നതു തന്നെ ഇല്ലാത്ത ഒരവസ്ഥയാണ്. എന്നാൽ അതു നിലനില്ക്കുന്നതായി തോന്നുന്നതു് ഉള്ളതായ ആദിത്യ ചന്ദ്രന്മാരെ മറയ്ക്കുമ്പോഴാണ്. എപ്പോഴും ചന്ദ്രൻെറ നിഴലുണ്ട്. എന്നാൽ പ്രകാശത്തിൻെറ അഭാവാവസ്ഥയാകയാൽ അതു് കാണപ്പെടുന്നില്ല. അതുണ്ടെന്നറിയുന്നതു് ഉള്ളതായ സൂര്യനേ മറയ്ക്കുമ്പോഴാണ്. അതുപോലെ ചന്ദ്രനും രാഹുഗ്രസ്തനാകുന്നുണ്ട്. അതാണെങ്കിൽ—ഭൂമിയുടെ നിഴലാകാശത്തിലുണ്ടു്—അതു ചന്ദ്രനെ മറയ്ക്കുമ്പോഴേ ഉള്ളതായറിയുന്നുള്ളു. ഇതു് വേദാന്തതത്വാവിഷ്കരണത്തിനത്യന്തം സഹായകമാണ്. ഭൂമിയുടെ നിഴലാണ് ചന്ദ്രനിൽ തട്ടി ചന്ദ്രനെ മറയ്ക്കുന്നതു്. എന്നു പറഞ്ഞാൽ സൂര്യ പ്രകാശാഭാവമാണ് ഉള്ള ചന്ദ്രനെ മറയ്ക്കുന്നതും അഭാവാവസ്ഥ ഉണ്ടെന്ന് അറിയിക്കുന്നതും. അഭാവാവസ്ഥ ചന്ദ്രൻെറ ഭാവത്തെ മറയ്ക്കുകയും അഭാവത്തെ ഭാവമായി പ്രകാശിപ്പിക്കയും ചെയ്യുന്നു. അല്ലാതെ രാഹു സ്വയം പ്രകാശിക്കുന്നില്ല. പക്ഷേ ഈ പ്രകാശാഭാവം ചന്ദ്രനിലും പകരുന്നു. അതേപടി സൂര്യനിലും, എങ്ങനെയെന്നാൽ ഭൂമിക്കും സൂര്യനുമിടയ്ക്കു വന്നുകൂടിയ ചന്ദ്രൻ പ്രകാശമാനനായ സൂര്യനെ മറയ്ക്കുന്നു. സൂര്യനിൽ നിന്നുവരുന്ന രശ്മിജാലം തടുക്കപ്പെട്ടിട്ട് ചന്ദ്രൻെറ ഭൂമുഖഭാഗത്തെ പ്രകാശഭാവമാകുന്ന രാഹുവാൽ മറയ്ക്കപ്പെടുന്നു. അതുപോലെ ഇല്ലാത്തതായ മായ ഉള്ളതായ ചിന്മാത്രത്തെ മറയ്ക്കുന്നു.

ചിൽസൂര്യ ഘോരാതപത്തെ മറസ്സുകൊണ്ടാണു് കാനൽ ജലം ഇല്ലാത്തതെങ്കിലും കാണപ്പെടുന്നതു്. ആ മറസ്സൽ ഭ്രാന്തിജന്യമാണു്. ഉള്ളതു മറയപ്പെടുകയും ഇല്ലാത്തതു് ആവിർഭവിക്കയും ചെയ്യുമ്പോഠം ഉണ്മസ്സമില്ലായ്മസ്സ മീടസ്സു് ഒരു ഭ്രാന്തിമായയായി അറിയപ്പെടുന്നു.

ഇന്ദ്രിയ കരണങ്ങളും അന്ത:ക്കരണങ്ങളും അടങ്ങി സുഷുപ്തനായ പുരുഷൻ ഉണൎന്നെഴുന്നേററു് ഞാൻ നിദ്രാവാനായിരുന്നു എന്നോർമ്മിക്കുന്നതുപോലെ, സവ് നിഗൂഢതയിലും അഭാവത്തിലും, സ്വയം അറിഞ്ഞു നിലകൊണ്ടിരുന്നു എന്ന അറിവേകി വിരാജിക്കുന്നഗുരുമൂർത്തിയായ ശ്രീദക്ഷിണാമൂർത്തിക്കായിക്കൊണ്ടു നമസ്കാരം

ബാല്യാദിഷ്വപിജാഗ്രദാദിഷുതഥാ
സർവ്വാസ്വവസ്ഥാസ്വപി
വ്യാവൃത്താസ്വനുവർത്തമാനമഹമി
ത്യന്ത:സ്ഫുരന്തം സദാ
സ്വാത്മാനം പ്രകടീകരോതി ഭജതാം
യോ മുദ്രയാ ഭദ്രയാ
തസ്മൈ ശ്രീ ഗുരുമൂർത്തയേ നമ ഇദം
ശ്രീ ദക്ഷിണാമൂർത്തയേ.

ബാല്യം യൌവനം മുതലായ കാലങ്ങളിലും, ജാഗ്രത്ത് സ്വപ്നം മുതലായ അവസ്ഥാവിശേഷങ്ങളിലും മററും ഉള്ളിൽ നിതാന്തം ഞാൻ ഞാൻ എന്നു സ്ഫുരിച്ചുകൊണ്ടിരിക്കുന്നതൻെറ അന്തരാത്മാവിനെ സ്ഫുടമായും സ്പഷ്ടമായും മുദ്രകളാൽ കാട്ടിക്കൊടുത്തു വിരാജിക്കുന്ന ശ്രീ ഗുരുമൂർത്തിയായ ശ്രീദക്ഷിണാമൂർത്തിക്കായിക്കൊണ്ടു നമസ്കാരം.

വിശ്വം പശ്യതികാര്യകാരണതയാ
സ്വസ്വാമിസംബന്ധത:
ശിഷ്യാചാര്യതയാതഥൈവ പിതൃ
പുത്രാദ്യാത്മനാഭേദത:

സ്വപ്നേജാഗ്രതിവായ ഏഷപുരുഷോ
മായാപരിഭ്രാമിത—
സ്തസ്മൈ ശ്രീഗുരുമൂർത്തയേനമ ഇദം
ശ്രീദക്ഷിണാ മൂർത്തയേ.

യാതൊരു പുരുഷനാണോമായാ ഭ്രാന്തിയിൽപ്പെട്ട് കാര്യകാരണസംഘാതമായ വിശ്വത്തെ കാണുന്നത്— താനും സ്വാമിയുമെന്ന പ്രകാരേണയും, ശിഷ്യനുമാചാര്യനുമെന്ന രൂപേണയും, പിതാ പുത്രൻ തുടങ്ങിയ ഭേദഭാവത്തോടും, ജാഗ്രത്ത് സ്വപ്നം എന്നുംമററും ഭ്രാന്തിമൂലം തിരിച്ചുതിരിച്ചുകാണുന്നതു്, അപ്രകാരം കണ്ടുകൊണ്ടിരിക്കുന്നവൻ താൻ തന്നെ എന്നറിവേകി വിരാജിക്കുന്ന ശ്രീഗുരുമൂർത്തിയായ ശ്രീദക്ഷിണാ മൂർത്തിക്കായികൊണ്ടു നമസ്കാരം.

ഭൂരംഭാസ്യ നലോഽനിലോഽബരമഹ
ന്നാഥോ ഹിമാംശുപുമാൻ
ഇത്യാഭാതിചരാചരാത്മകമിദം
യസ്യൈവ മൂർത്ത്യഷ്ടകം
നാന്യത് കിഞ്ചനവിദ്യതേ വിമൃശതാം
യസ്മാത് പരസ്മാദ് വിഭോ
സ്തസ്മൈ ശ്രീ ഗുരുമൂർത്തയേ നമ ഇദം
ശ്രീദക്ഷിണാമൂർത്തയേ

യാതൊരു പുരുഷനാണോ പൃഥിവ്യപ്, തേജോ വായുരാകാശാദിത്യചന്ദ്ര, പുരുഷാദി അഷ്ടമൂർത്തികളായിഈ ചരാചരാത്മകമായി നിലകൊള്ളുന്നതു്യാതൊരു ശ്രേഷ്ഠപുരുഷനിൽ നിന്നും അന്യമായി അല്പമായിട്ടുപോലും യാതൊന്നും തന്നെ ഈ വിഭുവിനെ വിട്ടവശേഷിക്കുന്നില്ലയോ അപ്രകാരമുള്ള ശ്രീഗുരുമൂർത്തിയായ ശ്രീദക്ഷിണാമൂർത്തിയ്ക്കായികൊണ്ടു നമസ്കാരം.

അടുത്ത സ്തോത്രം ഏതാണ്ട് ഫലശ്രുതിതന്നെ ആണെങ്കിലും അനുഭവാദ്വൈതിക്ക് അനുഭവരൂപേണ കാണേണ്ടതും കാണുന്നതുമെങ്ങനെ എന്നു വിവരിക്കുന്ന ഒരു ഉത്തേജനാവതരണമാണ് ഇത ൽകൂടി ശ്രീശങ്കരഭഗവത് പാദർമാരതീപാദങ്ങളിലർപ്പിക്കുന്നതും.

ശ്രീദത്താത്രേയമഹർഷിയുടെ സ്വാനുഭവത്തിൽ നിന്നു, ആവിർഭവിച്ചതും ന്യായവും യുക്തിയുക്തവുമായ ത്രിപുരാ രഹസ്യം പഠിച്ചിട്ടും സംശയങ്ങളവശേഷിക്കുന്നുവെങ്കിൽ അവനെ മൃഗതുല്യമായ ഒരു ജീവചരവമായി തള്ളേണ്ടതാണെന്നു പറയും പോലെ, സ്വാനുഭവത്തോടുകൂടിയ ആത്മസാക്ഷാത്കാരം ഉന്നികമഴ്ന്നു കിടന്നു കണ്ണുനീരൊഴുകുന്ന ഒരുണ്ണിയെ ചാടിയെഴുന്നേററു നൃത്തം ചെയ്യുവാൻ ആദ്യത്തെ ഒൻപതു സ്തുതിയും അപര്യാപ്തമെന്നു വന്നാലും അതിമനോഹരമായ ഈ പത്താമത്തെ സ്തുതിപര്യാപ്തം തന്നെ എന്നു് ഏതുത്തമാധികാരിയും കയ്യടിച്ചു സമ്മതിച്ചുപോകും. മുദ്ദലമനോഹരമായ ശൈലിയിൽ ധീര ധീരം ഏററുപറഞ്ഞു കൈകാര്യം ചെയ്യുന്ന ശ്രീശങ്കരൻെറ മുന്നേററം, ചങ്കുററം മററാർ കാട്ടും. ബൈബിളിനു ശേഷവും ഖുറാനശേഷവും അമ്മേ! ഭാരതം ഭാരതം തന്നെ ശ്രീശങ്കരഭഗവൽപാദർ ഹിന്ദുവും തന്നെ. ഭാരതീയർ ഹിന്ദുക്കളും തന്നെ.

സർവാത്മത്വമിതി സ്ഫുടീകൃതമിദം
യസ്മാദമുഷ്മിൻ സ്തവേ
തേനാസ്യശ്രവണാത്തദർത്ഥ മനനാ—
ദ്ധ്യാനാച്ച സംകീർത്തനാത്
സർവാത്മത്വ മഹാവിഭൂതി സഹിതം
സ്യാദീശ്വരത്വം സ്വത:
സിദ്ധ്യേത്തത് പുനരഷ്ടധാപരിണതം
ചൈശ്വര്യമവ്യാഹതം.

സർവാത്മത്വത്തെപ്പററി അതിസ്ഫുടമായി തന്നെ ഈ സ്തവങ്ങളിൽ പറകകൊണ്ടു്, ഇതിൻെറ ശ്രവണത്താലും അതിൻെറ മനനത്താലും, ഇതിനനുസരണം ധ്യാനിച്ചാലും, ഇതിനെ കീർത്തനം ചെയ്താലും, സർവാത്മത്വമതിൻെറ സർവ്വശ്രേയസ്സോടും കൂടിയ ഈശ്വരത്വം തനിയേ സംഭവിക്കുകയും, അഷ്ടൈശ്വര്യങ്ങൾ തടസമെന്യേ സാദ്ധ്യമാകുകയും ചെയ്യുക തന്നെ ചെയ്യും, എന്നു് ശ്രീശങ്കരഭഗവത്പാദരിൽ കൂടി ഭാരതം.

ഓം

# വേദാന്തസരണി-ശുദ്ധിപത്രം

| പേജ് | വരി | തെററ് | ശരി |
|---|---|---|---|
| 1 | 2 | േപട്ടോടാ. | പൈട്ടോടാ |
| 10 | 4 | സ്വസ്വരുപേ | സ്വസ്വരൂപേ |
| 11 | 28 | ജലമതിൻ | ജലമതിൽ |
| 19 | 9 | സൂഷ്മമാത്രകാ. | സൂക്ഷ്മമാത്രകാ |
| 18 | 6 | ഹംയോഗം | ഹഠയോഗം |
| 24 | 22 | ഹൃദത്തിൽ | ഹൃദയത്തിൽ |
| 27 | 21 | പ്രവേശക്കുമ്പോൾ | പ്രവേശിക്കുമ്പോൾ |
| 29 | 4 | മററുള്ളത് | മററുമുള്ളത്. |
| 29 | 9 | പ്രയനത്തിക്കകയാണ് | പ്രയത്നിക്കുകയാണ്. |
| 31 | 26 | മറപ്പെക്കടുന്നുണ്ട് | മറക്കപ്പെടുന്നുണ്ട് |
| 36 | 14 | വ്യപിക്കകയും | വ്യാപിക്കുകയും |
| 38 | 30 | മുവദാവിൽ | മുഖദാവിൽ |
| 41 | 19 | ബ്രഹ്മസാക്ഷതത്കാരമനനം | ബ്രഹ്മസാക്ഷാത്കാരമനനം |
| 45 | 28 | പ്പെട്ടെവങ്കിലും | പ്പെട്ടുവെങ്കിലും |
| 52 | 4 | ചേമ്പുകിട്ടം | ചേമ്പുനട്ടാൽ ചേമ്പു കിട്ടും |
| 52 | 26 | തത്ത്വം അഗ്നി | തത്വം അസി |
| 55 | 28 | പ്രവർത്തനേ | പ്രവർത്തന്തേ |
| 57 | 30 | ഉപാമാനത്തിൻ | ഉപമാനത്തിൽ |
| 59 | 24 | അപ്രകാമുള്ള | അപ്രകാരമുള്ള |
| 60 | 7 | ആത്മാനാ | അത്മനാ |
| 64 | 14 | ഭാരാതം | ഭാരതം |